


ജൂലൈ 2020

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം

www.malankaralibrary.com

# എഡിറ്റോറിയൽ



**ജിനു ജോർജ്ജ്**
*ചീഫ് എഡിറ്റർ*

പരിശുദ്ധാത്മ പ്രചോദനത്താൽ യേശുക്രിസ്തുവിനെ അടുത്തും
ആഴത്തിലും അനുധാവനം ചെയ്ത് സഭയ്ക്കും സമൂഹത്തിനും വേണ്ടി ഉദാത്തമായ
രീതിയിൽ ജീവിക്കുന്നതിന് സ്വയംസമർപ്പിക്കുന്ന ജീവിതചര്യയാണ് സന്യാസം എന്നതു
കൊണ്ട് നാം വിവക്ഷിക്കുന്നത്. ദൈവത്താൽ ആകർഷിക്കപ്പെട്ടിട്ടല്ലാതെ ആരും തന്നെ
ഈ ഒരു ജീവിതക്രമത്തിലേക്ക് പ്രവേശിക്കുന്നില്ല. യഥാർത്ഥത്തിൽ ഓരോ സന്യാസിയും
വിളിക്കപ്പെട്ടിരിക്കുന്നത് സുവിശേഷത്തിൽ നാം കാണുന്നതുപോലെ ഭൂമിയുടെ ഉപ്പും
ലോകത്തിന്റെ പ്രകാശവുമായിത്തീരാനാണ്. എന്നാൽ ഇന്ന് വളരെയധികം സംശയ
ദൃഷ്ടിയോടുകൂടെ സന്യാസത്തെയും അതിന്റെ ക്രമങ്ങളെയും വീക്ഷിക്കുന്ന സമൂഹ
ത്തിന്റെ മധ്യേയാണ് നാം ജീവിക്കുന്നത്. സന്യാസജീവിതത്തിലേക്ക് വ്രതത്രയങ്ങളോ
ടുകൂടി പ്രവേശിച്ചിട്ടുള്ള ചിലർപോലും അതിന്റെ യഥാർത്ഥ അർത്ഥം കണ്ടെത്തുന്നതിൽ
പരാജയപ്പെട്ട് അതിനെതിരെ തിരിയുന്ന ഒരു സാഹചര്യത്തിൽ ലോകമെമ്പാടും അനേകം
സന്യാസികൾ തങ്ങളുടെ വിളിക്ക് യോഗ്യമായ ജീവിതം നയിക്കുന്നുണ്ട് എന്നതാണ്
സഭയുടെ വലിയ ബലം. കത്തോലിക്കാ സഭയുടെ ശക്തി സന്യാസികളുടെ പ്രാർത്ഥന
യുടെയും പരിത്യാഗത്തിന്റെയും വ്രതനിഷ്ഠയുടെയുമായ കരുത്താണ്. അതിനാൽ
കത്തോലിക്കാ സന്യാസം ചോദ്യം ചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ സന്യാസജീവി
തത്തിന്റെ അന്തഃസത്ത കാണുവാൻ സാധിക്കുന്ന വ്യക്തിയാണ് മാർ ഈവാനിയോസ്
പിതാവ്. ലോകത്തിന്റെ ആഡംബരങ്ങളും സുഖലോലുപതയും സ്ഥാനമാനങ്ങളു
മൊക്കെ ഉപേക്ഷിച്ച് ദൈവസമ്പാധനത്തിനായി ആശ്വാസത്തിന്റെ ഭവനമായ ബഥനി
സന്യാസ പ്രസ്ഥാനം അദ്ദേഹം രൂപവൽക്കരിച്ചത് ഈ കാലഘട്ടത്തിന് ഒരു മാതൃക
യാണ്. എന്താണ് സന്യാസത്തിന്റെ അന്തഃസത്ത എന്നുള്ളത് ബഥനി ആശ്രമ പ്രസ്ഥാന
ത്തിലൂടെ മാർ ഈവാനിയോസ് പിതാവ് ലോകത്തിന് കാണിച്ചു കൊടുത്തപ്പോൾ വന്ദ്യ
താതന്റെ ഓർമ്മപ്പെരുന്നാളിനായി നാം ഒരുങ്ങുന്ന ഈ സമയത്ത് മാർ ഈവാനിയോ
സിന്റെ സന്യാസദർശനങ്ങളെ അടുത്തറിയുവാൻ യുവജനങ്ങളെന്ന നിലയിൽ സന്യാസ
ജീവിതത്തിന് ശക്തിപകരുവാൻ നമുക്ക് പരിശ്രമിക്കാം.







**റവ. ഫാ. ഷൈജു മാത്യു ഒ.ഐ.സി.**
(യൂണിവേഴ്സിറ്റി ഓഫ് വിയന്നയിൽ ഉപരിപഠനം നടത്തുന്നു. ബഥനി നവജ്യോതി പ്രൊവിൻസിലെ അംഗമാണ്)

# മാർ ഇവാനിയോസ് പിതാവിനെ വരയ്ക്കുമ്പോൾ..

തോരാതെ പെയ്യുന്ന മഴയിലും കട്ടി കൂടിയ ഇരുളിലും ഒരു റാന്തൽ വിളക്കുമായി ലക്ഷ്യ സ്ഥാനത്തേക്ക് കുതിക്കുന്ന ഒരു ബാലനിൽ നിന്നാണ് മാർ ഇവാനിയോസ് പിതാവിനെക്കുറിച്ചുള്ള എന്റെ വായന ആരംഭിക്കുന്നത്. റാന്തൽ വിളക്കുമായി സധൈര്യം കുതിക്കുന്ന ആ ബാലൻ ജീവിതത്തിന്റെ എല്ലാ അവ സ്ഥാന്തരങ്ങളിലും പ്രകാശ സ്തംഭം ഏന്തി മാത്രം കുതിച്ചു. പ്രകാശിപ്പിക്കുക എന്നതാണ് അദ്ദേഹത്തെ കുറിച്ചു ഓർക്കാവുന്ന ഏറ്റവും നല്ല ബിംബം.

മാർ ഇവാനിയോസ് പിതാവിനെ വിലയിരുത്തുമ്പോഴെല്ലാം ജന്മസിദ്ധമായ ഒരു ദുരഭിമാനത്തിൽ പൊതിഞ്ഞ മേൽക്കോയ്മ വിവരണങ്ങളിൽ കടന്നു വരുന്നത് കണ്ടിട്ടുണ്ട്. പക്ഷെ വിശുദ്ധിയുടെ കണ്ണിലൂടെ കാണുമ്പോൾ നമുക്ക് വേണ്ടത് മാനുഷീകതയുടെ തടവറകളെ ബോധപൂർവം തകർക്കുന്ന ഒരു ആത്മീയസത്വത്തെ തിരിച്ചറിയാനുള്ള കഴിവാണ്. പ്രകാശസ്രോതസായി നടന്നുനീങ്ങുന്ന ഒരാളായി എത്രയോ തവണ കാണാൻ കഴിയും നമുക്ക് മാർ ഇവാനിയോസ് പിതാവിനെ. യാത്ര ചെയ്യുന്നുണ്ട് അദ്ദേഹം ചെറിയ വെട്ടങ്ങളിൽനിന്നും പ്രകാശഗോളങ്ങളിലേക്ക്.

### അലക്സിയോസ് അച്ചനോടുള്ള വിട പറയൽ

മാർ ഇവാനിയോസ് പിതാവ് മലങ്കരയിൽ തെളിയിച്ചദ്യുതിയുടെ പ്രഭയാണ് ബഥനിയിലെ സന്യാസിയാകാൻ അലക്സിയോസ് അച്ചനെ പ്രേരിപ്പിച്ചത്. മാർ ഇവാനിയോസ് പിതാവിനൊപ്പം ബഥനിയുടെ വളർച്ചയിൽ അദ്ദേഹം വലിയ പങ്ക് വഹിച്ചു. പ്രത്യേകിച്ചും സാമ്പത്തിക മേഖലയിലെ ശുശ്രൂഷ. ബഥനി വിട്ടിറങ്ങാനുള്ള മാർ ഇവാനിയോസ് പിതാവിന്റെ ബോധ്യം പങ്കുവയ്ക്കുവാൻ അദ്ദേഹം തയ്യാറായിരുന്നില്ല. ഏകനായി അദ്ദേഹം തന്റെ ബോധ്യത്തെ മുറുകെ പിടിച്ചു. മാർ ഇവാനിയോസ് പിതാവിന്റെ വിശുദ്ധി നാം തിരിച്ചറിയുന്നത് ഇവിടെയാണ്. ഈ നിമിഷത്തെ അദ്ദേഹം സമീപിച്ചതെങ്ങനെ എന്നു നാം വായിക്കുന്നു.

അലക്സിയോസ് അച്ചന്റെ തീരുമാനത്തെ അദ്ദേഹം സ്വീകരിക്കുന്നു. ബഥനിയിൽ നിന്നും ഇറങ്ങി വരുന്നത് വഴക്കടിച്ചു പിരിയുന്നവരെ പോലെയല്ല പകരം ഇരുവരും സാഹോദര്യത്തിന്റെ മൂർദ്ധന്യത്തിൽ സങ്കടം പങ്കുവച്ചുകൊണ്ടാണ്. ഗുരുവും സഹോദരങ്ങളും ഇറങ്ങിപോകുന്നത് കാണാനാവാതെ അലക്സിയോസച്ചൻ മുറിയിൽ പോയി നെഞ്ചുതടവി കമഴ്ന്നു കിടന്നു. ഇറങ്ങാൻ തയ്യാറായി നിന്ന മാർ ഇവാനിയോസ് പിതാവ് അദ്ദേഹത്തിന്റെ സമീപത്തേക്കു ചെന്ന് സ്വാന്തനിപ്പിച്ചു, ആശ്വസിപ്പിച്ചു. തന്റെ കയ്യിൽ കിടന്ന വാച്ച് സമ്മാനമായി അദ്ദേഹത്തിന് നൽകി. അദ്ദേഹത്തെ ഒറ്റയ്ക്കാക്കി ഇറങ്ങിപ്പോവാനാവാതെ ഒരു ശെമ്മാശ്ശനോട് തുണയായി നില്ക്കാൻ നിർദ്ദേശിച്ചു. ഇരുവരും സ്നേഹത്താൽ ബന്ധിതരെങ്കിലും ബോധ്യങ്ങളുടെ അനന്യതയെ ബഹുമാനിക്കുന്നു. പരസ്പരം വഴക്കടിക്കുന്നതിലും പ്രതികാരത്തിൽ

www.malankaralibrary.com

മുന്നിൽ നിൽക്കുന്നതുമായ കഥകളിലൂടെയാണ് ദൈവവിരുദ്ധരായ ചരിത്രകാരന്മാർ നമ്മെ പുളകം കൊള്ളിക്കുന്നത്. എന്നാൽ ഇരുളുമൂടുന്ന നിമിഷങ്ങളിലെല്ലാം ഒരു ദീപനാളം കൊളുത്താനും തിരിയായി എരിയുവാനും മാർ ഇവാനിയോസ് പിതാവിനാകുന്നു. ഇരുളുമൂടിയ ഒരു സഭാ പരിപ്രേഷ്യത്തിൽ, പതിയെ മലമുകളിലേക്ക് പിൻവാങ്ങി, ആ ഗിരിയുടെ നെറുകയിൽ ബഥനി ദീപം ഉയർത്തി സ്ഥാപിക്കാനും ആ പ്രഭയിലേക്കു മലങ്കര സഭയെ ആനയിക്കാനും അദ്ദേഹത്തിനാകുന്നു. ഇരുളിൽ ഒരു ദീപം തെളിയാക്കനുള്ള ശ്രമങ്ങളും കൂടുതൽ പ്രകാശപൂർണവും സമഗ്രവും ശ്വാശ്വതവുമായ വഴിയിലേക്ക് അദ്ദേഹം പിൻവാങ്ങുന്നത് നാം കാണുന്നുണ്ട്. ഞാൻ ലോകത്തിന്റെ പ്രകാശമാണ് എന്ന ക്രിസ്തുവാക്യമാണ് മാർ ഇവാനിയോസ് പിതാവിന്റെ ജീവിതത്തെ മനസിലാക്കാനുള്ള സാമ്യക്കമായ മാപിനി.

പടയോട്ടങ്ങളുടെ പട്ടികയിലില്ല, പിടിച്ചെടുത്തവയുടെ കരുത്തിലും അല്ല. കാരുണ്യവും സ്നേഹവും ക്ഷമയും ത്യാഗവും ബലിയുമായ പ്രകാശപൂർണതയിലാണ് ഇവാനിയോസ് പിതാവ് വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുന്നത്. ചേർന്ന് നിന്ന് മനസിലാക്കിയാൽ ഇത്തരം നിരവധി സന്ദർഭങ്ങൾ ആ ജീവിതത്തിൽ നിന്നും വായിച്ചെടുക്കാം. നിരതമായി ഇങ്ങനെ പ്രകാശത്തിൽ നടക്കാനും പ്രകാശമാവാനും യുവതലമുറയ്ക്ക് കഴിയട്ടെ.

അത് കൊണ്ടാണ് അദ്ദേഹത്തെ വരയ്ക്കാൻ ഞാൻ ജലഛായം ഉപയോഗിച്ചത്. ജീവിതത്തിന്റെ സുതാര്യതയും ജലം പോലെ ഒഴുകുന്ന ദൈവാഭിലാഷവും നിറങ്ങളിലേക്ക് പെട്ടന്ന് സംവേദനം ചെയ്യപ്പെടുന്നു. കട്ടി കൂടിയ വരകളില്ലാതെ ലളിതമാണ് ആ ജീവിതവും ജീവിതത്തിലെ ബോധ്യങ്ങളും.



www.malankaralibrary.com



സിസ്റ്റർ പ്രശോഭ എസ്.ഐ.സി.
ബഥനി കോൺവെന്റ്
തിരുമുലപുരം

# സമർപ്പണത്തിന്റെ ആനന്ദം

**"പിന്നെ അവൻ മലമുകളിലേക്കു കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു. അവർ അവന്റെ സമീപത്തേക്ക് ചെന്നു. തന്നോടുകൂടെ ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നൽകുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു"**
**(വി. മാർക്കോസ് 3:13-15)**

അതെ, കൂടെ ആയിരിക്കുവാനും അയയ്ക്കപ്പെടുന്നുവാനുമുള്ള വിളി ദൈവസ്നേഹം അനേകരിലേക്ക് ഒഴുകി കൊടുക്കുവാനുള്ള വിളി തിന്മയുടെ തല തകർക്കാനുള്ള വിളി ദൈവരാജ്യത്തിനുവേണ്ടി സ്വയം സമർപ്പിച്ച ജീവിത ബലിവേദിയിൽ അനുദിനം ബലിയർപ്പിക്കാൻ ഉള്ള വിളി സന്യാസ ദൈവവിളി.

സ്വർഗ്ഗീയ ജീവിതത്തിന്റെ മുന്നാസ്വാദനം, മാലാഖമാരുടെ ജീവിതം എന്നൊക്കെ സന്യാസജീവിതത്തെ വിശേഷിപ്പിക്കുമ്പോൾ ക്രിസ്തുവിനെ അനുഗമിച്ചുകൊണ്ട് സ്വജീവിതം വഴി ക്രിസ്തുവിന്റെ രൂപം വരച്ചുകാട്ടി അനുനിമിഷവും തങ്ങളുടെ ഓരോ ശ്വാസത്തിലും സമർപ്പിതർ ആ വിളി സാക്ഷാത്കരിക്കുന്നു. ശാസ്ത്ര സാങ്കേതിക വിദ്യകൾ ഇത്രയധികം വളർന്ന ഈ കാലഘട്ടത്തിൽ സന്യാസത്തിന് എന്ത് പ്രസക്തി എന്നും ഈ ജീവിതശൈലി കൊണ്ട് എന്താണ് അർത്ഥമാക്കുന്നത് എന്നുമൊക്കെ ചിന്തിക്കുന്ന പുത്തൻ തലമുറയോട് ഞാൻ ഒന്നു പറയട്ടെ. ഹൈന്ദവ വിശ്വാസത്തിന്റെ മതിൽകെട്ടിനുള്ളിൽ മന്ത്രങ്ങളുടെയും ശ്ലോകങ്ങളുടെയും ബലികെട്ടിനുള്ളിൽ ജീവിച്ചുവളർന്ന ഞാൻ, പത്താം ക്ലാസിനുശേഷം ഏതൊരു പതിനഞ്ചുകാരിയെ പോലെ ചിന്തിച്ചിരുന്നു. നല്ലൊരു സ്കൂളിൽ പ്ലസ് വണ്ണിന് അഡ്മിഷൻ എടുക്കണം, നന്നായി പഠിക്കണം ഉയർന്ന മാർക്കോടെ പ്ലസ് ടു പസാകണം നല്ലൊരു ജോലിയൊക്കെ സമ്പാദിച്ച് ഉയർന്ന നിലയിൽ ഈ ലോകത്തിൽ സന്തോഷത്തോടെ ജീവിക്കണം എന്നൊക്കെ. എന്നാൽ എന്നെ തേടിയെത്തിയത് മറ്റൊന്നായിരുന്നു ഒരു ഹൈന്ദവ വിശ്വാസിയായ എനിക്ക് സ്വപ്നം കാണാൻ പോലും അർഹതയില്ലാത്ത ക്രിസ്തുവിന്റെ മണവാട്ടി പദം.

സെന്റ് തെരേസാസ് ബഥനി കോൺവെന്റ് ഹയർ സെക്കൻഡറി സ്കൂളിലാണ് എന്റെ പ്ലസ് വൺ പ്ലസ് ടു പഠനം പൂർത്തിയാക്കിയത്. അവിടെ ബോർഡിങ്ങിൽ താമസിച്ചു പഠിക്കാൻ ഉള്ള നിയോഗമാണ്

www.malankaralibrary.com


എന്നെ ക്രിസ്തുവിന്റെ സ്നേഹപ്രവാഹത്തിലേക്ക് അടുപ്പിച്ചത്. അവിടത്തെ പ്രാർത്ഥനകളും സിസ്റ്റേഴ്സിന്റെ ജീവിതവും എന്തിനേറെ പരിശുദ്ധ കുർബാന പോലും എനിക്ക് അപരിചിതമായിരുന്നു. എന്നാൽ അവയൊക്കെ എന്റെ ഹൃദയത്തോടടുക്കാൻ അധികം സമയമൊന്നും വേണ്ടിവന്നില്ല. മാതാവിന്റെ ഉദരത്തിൽ എനിക്കു രൂപം നൽകുന്നതിനു മുൻപേ എന്നെ അറിഞ്ഞ, തനിക്കായി എന്നെ വേർതിരിച്ച ആ സ്നേഹത്തെ തിരിച്ചറിയുകയായിരുന്നു പിന്നീടങ്ങോട്ട്.

മകളെ നല്ലൊരു കോഴ്സിന് ചേർത്ത് പഠിപ്പിക്കണമെന്നും നല്ല ജോലിക്കാരിയായി കാണണമെന്നുമുള്ള എന്റെ മാതാപിതാക്കളുടെ സ്വപ്നത്തെക്കാൾ, നീണ്ട 16 വർഷങ്ങൾക്കിടയിൽ ഞാൻ ഒരിക്കൽപോലും ചിന്തിച്ചിട്ടില്ലാത്ത ഞാൻ സ്നേഹിച്ചിട്ടില്ലാത്ത ആരാധിച്ചിട്ടില്ലാത്ത എനിക്കുവേണ്ടി കാത്തിരുന്ന എന്നെ സ്വന്തമാക്കാൻ കൊതിച്ച എന്റെ യേശുവിന്റെ സ്നേഹമാണ് എന്നെ മുന്നോട്ട് നയിച്ചത്.

നൊന്തു പ്രസവിച്ച അമ്മ ഇങ്ങനെ ഒരു മകൾ എനിക്ക് ഇനി ഇല്ല എന്ന് പറഞ്ഞപ്പോഴും സഹോദരങ്ങൾ ഒറ്റപ്പെടുത്തിയപ്പോഴും ബന്ധുമിത്രാദികളും കൂട്ടുകാരും തള്ളി പറഞ്ഞപ്പോഴും എന്നെ ചേർത്ത് പിടിച്ചത് ഒന്നു മാത്രമാണ്, ക്രിസ്തുവിന്റെ മണവാട്ടി ആക്കാൻ എന്നെ തിരഞ്ഞെടുത്തല്ലോ എന്ന ധൈര്യം പ്രതിസന്ധികളുടെയും പരിഹാസങ്ങളും നടുവിലൂടെ അവന്റെ കരവും പിടിച്ച് ഞാൻ ബഥനി സന്യാസിനി സമൂഹത്തിൽ എത്തിച്ചേർന്നു. പരിശീലന കാലഘട്ടങ്ങൾ എല്ലാം കൃപയുടെ നീർച്ചാലുകൾ ആയിരുന്നു, അതെന്റെ കുടുംബത്തിലേക്കും ഒഴുകിയിറങ്ങി, എന്റെ മാതാപിതാക്കളും സഹോദരങ്ങളും ഈശോയെ അറിഞ്ഞുതുടങ്ങി. തന്നെ അനുഗമിക്കാൻ ആഗ്രഹിച്ചവരെ സ്നേഹിതർ എന്ന് വിളിച്ചുകൊണ്ട് അവർക്ക് വേണ്ടി ഈ ലോകരക്ഷയ്ക്ക് വേണ്ടി തന്റെ ജീവൻവരെ നൽകിയ ആ സ്നേഹം രണ്ടായിരം വർഷങ്ങൾക്കു ശേഷവും ഇന്നും ഈ ലോകത്തെ സ്വാധീനിക്കുന്നുവെങ്കിൽ അതേ ജീവിതം അനുകരിക്കുന്ന അതേ പാത പിന്തുടരുന്ന ഈ സന്യാസ ജീവിതം ഈ സമർപ്പണ ജീവിതം എത്രയധികം പ്രസക്തമാണ്.

സമർപ്പണം ചെയ്യുമ്പോൾ സ്വാതന്ത്ര്യം ഇല്ലാതാക്കുകയല്ല എന്ന ചോദ്യം പുതിയ തലമുറ ഉയർത്താറുണ്ട് എന്നാൽ സ്വാതന്ത്ര്യത്തെ എന്നും ചെയ്യാനുള്ള ഒരു ലൈസൻസായി മനസ്സിലാക്കുന്നവർക്ക് ഉണ്ടാകുന്ന ഒരു തെറ്റിദ്ധാരണ മാത്രമാണത്, ദൈവേഷ്ടത്തെ സ്വന്തം ഇഷ്ടം ആക്കി മാറ്റാൻ ആണ് ഏതൊരു ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നത് അതാണ് യഥാർത്ഥ ക്രിസ്തീയ സ്വാതന്ത്ര്യം.

എന്നാൽ ഇന്ന് ചുറ്റുപാടും നടന്നുകൊണ്ടിരിക്കുന്ന പ്രതികൂല സംഭവങ്ങൾ സന്യാസ-ദൈവവിളികളെയും ബാധിക്കും എന്ന് പറയാതെ വയ്യ. സംഭവങ്ങളുടെ അടിസ്ഥാന സത്യങ്ങൾ പോലും മനസ്സിലാക്കാതെ വാർത്തകൾ മെനഞ്ഞുവിടുന്ന മാധ്യമങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നത് തെറ്റിദ്ധാരണകളുടെ വിത്തുകളാണ്, എന്നാൽ ഇത് തിരിച്ചറിയാനോ മനസ്സിലാക്കാൻ ആരും ശ്രമിക്കുന്നില്ല എന്നതാണ് സത്യം. ചോദ്യങ്ങളും വിമർശനങ്ങളും ഉയരുമ്പോഴും എന്തിന് ഈ പാഴ്ച്ചെലവ് എന്ന മനോഭാവം ആയിരങ്ങളിൽ നിന്ന് ഏറ്റുവാങ്ങേണ്ടിവരുമ്പോഴും വിളിച്ചവൻ വിശ്വസ്തൻ ആണെന്നും അവന്റെ വാഗ്ദാനങ്ങൾക്ക് മാറ്റമില്ല എന്നും ഉള്ള സത്യം ഓരോ സമർപ്പിതയും തിരിച്ചറിയുന്നുണ്ടാകും. മുള്ളുകൾക്കിടയിൽ കുടുങ്ങിയ കുഞ്ഞാടിന്റെ ചുറ്റും ചെന്നായ്ക്കൾ എത്രയധികം വന്നു ചേർന്നാലും തന്നെ തേടിയെത്തുന്ന ഇടയന്റെ കണ്ണുകളും കോരിയെടുത്തു മാറോടു ചേർക്കുന്ന കരങ്ങളും ഓരോ സമർപ്പിതരുടെയും അവകാശമാണ്. ഒന്നോ രണ്ടോ പേരുടെ തെറ്റുകൾ നിരത്തി സമൂഹവും മാധ്യമങ്ങളും ആഘോഷിക്കുമ്പോൾ ജീവിത വിശുദ്ധികൊണ്ട് അവയ്ക്ക് ഉത്തരം കൊടുക്കാൻ ആകുമെന്ന വിശ്വാസമുണ്ട്.




ഒരു കുടുംബത്തിന്റെയും സ്വന്തമാക്കാതെ സ്വന്തം കുടുംബത്തെ പോലും ഉപേക്ഷിച്ചു കൊണ്ട് എല്ലാ കുടുംബങ്ങളുടെയും ഭാഗമാകാൻ വിളിക്കപ്പെട്ടവർ ലോകം മുഴുവനും വേണ്ടി ഓരോ യാമങ്ങളിലും അൾത്താരയ്ക്ക് മുൻപിലണയുമ്പോൾ ഒരു സമർപ്പിത ലോകത്തോട് വിളിച്ചു പറയുന്നതൊന്നു മാത്രം..., ഈ ജീവിതം പാഴല്ല........ ഒരിക്കലും..... ഒരുകാലത്തും. രാത്രിയുടെ ഏകാന്ത യാമങ്ങളിൽ കരങ്ങളുയർത്തി പ്രാർത്ഥിക്കുമ്പോൾ ലോകത്ത് എവിടെയോ സൗഖ്യങ്ങൾ സംഭവിക്കുന്നു, ഉപേക്ഷിക്കുന്ന ഓരോ നേരത്തെ ഭക്ഷണത്തിന് പിന്നിലും ഒരായിരം നിയോഗങ്ങൾ മറച്ചു പിടിക്കുമ്പോൾ അവയ്ക്കെല്ലാം സ്നേഹമണവാളൻ ഉത്തരം നൽകും എന്ന ഉറച്ച ബോധ്യമുണ്ട്. പിതാവായ ദൈവത്തിന്റെ പുത്രി ആകുവാനും പുത്രൻ തമ്പുരാന്റെ മണവാട്ടി ആകുവാനും പരിശുദ്ധാത്മാവിനെ കൂട്ടുകാരി ആകുവാനും ദൈവം വിളിക്കുന്ന വിളിക്കു കാതോർക്കാൻ ഇനിയുമുണ്ടാകട്ടെ ഒരായിരം ജന്മങ്ങൾ.

www.malankaralibrary.com

# പാദമുദ്രകൾ

(എം.സി.വൈ.എം. മുൻകാല നേതാക്കന്മാരുടെ ഓർമ്മകുറിപ്പുകൾ)



**മോൻസൻ കെ. മാത്യു**

**(ജൂൺ മാസത്തിന്റെ തുടർച്ച)**


തിരുവല്ലാ രൂപതയുടെ ഡയറക്ടറായിരുന്ന ബഹുമാനപ്പെട്ട എബ്രഹാം മുളമൂട്ടിലച്ചൻ. അതിഗഹനമായ ആത്മീയ വിഷയങ്ങൾ സരളമായും സരസമായും അവതരിപ്പിക്കുവാൻ പ്രത്യേക പ്രാഗത്ഭ്യവും അച്ചന് ഉണ്ടായിരുന്നു. ശാന്തിനിലയം എം.സി.വൈ.എംകാർക്ക് സ്വന്തം ഭവനംപോലെ പ്രിയപ്പെട്ടതായിരിക്കുവാൻ അച്ചന്റെ സ്നേഹവും പരിഗണനയും ഇടയാക്കിയിരുന്നു.സ്നേഹപൂർണ്ണമായ ആ ബന്ധം ഇന്നും നിലനില്ക്കുന്നു. മുളമൂട്ടിൽ അച്ചനു ശേഷം ഡയറക്ടറായിരുന്ന ബഹുമാനപ്പെട്ട സ്റ്റീഫൻ തോട്ടത്തിൽ അച്ചനുമായും നല്ല സൗഹൃദവും സ്നേഹവും ഉണ്ടായിരുന്നു എം.സി.വൈ.എം. സെമിനാറുകളിൽ സ്ഥിരം പ്രഭാഷകരിൽ ഒരാളായിരുന്നു സ്റ്റീഫനച്ചനും (അഭിവന്ദ്യ പീലിപ്പോസ് മാർ സ്തേഫാനോസ് പിതാവ്).

ഒരുമിച്ച് നേതൃത്വത്തിൽ ഇല്ലായിരുന്നെങ്കിലും എന്നെ വളരെയേറെ സ്വാധീനിച്ച വൈദികനായിരുന്നു എം.സി.വൈ.എംന്റെ രണ്ടാം ഡയറക്ടറായിരുന്ന ബഹുമാനപ്പെട്ട മത്തായി കടവിലച്ചൻ. അച്ചനും ഞാനും ആയുള്ള ബന്ധത്തെ എപ്രകാരം നിർവചിക്കണം എന്ന് അറിയില്ല. അത്രത്തോളം ആത്മാർത്ഥമായ ഒരു ബന്ധമാണ് ഇന്നു ഞങ്ങൾ തമ്മിൽ ഉള്ളത്. ഏതു കാര്യവും അവധാനതയോടെ കൈകാര്യം ചെയ്യുന്നതിൽ അതിസമർത്ഥനായ മത്തായിച്ചൻ പാണ്ഡിത്യത്തിലും പ്രായോഗിക ബുദ്ധിയിലും മുമ്പനാണ്. സംഘടനാപ്രവർത്തനത്തിലും വ്യക്തിബന്ധങ്ങളിലും ആത്മാർത്ഥതയും സത്യസന്ധതയും നിസ്വാർത്ഥവുമായ സമീപനവും മനോഭാവവുമാണ് അച്ചനുള്ളത്. പല കാര്യങ്ങളിലും മത്തായിച്ചന്റെ ഉപദേശം ഇപ്പോഴും ഞാൻ തേടാറുണ്ട്. എനിക്ക് വലിയ മുതൽക്കൂട്ടാണ് അച്ചന്റെ സൗഹൃദം.

എം.സി.വൈ.എം. നേതൃത്വം നിരയിൽ ഇല്ലാതിരുന്നിട്ടും എംസിവൈഎം നേതാക്കന്മാരുടെ പ്രിയങ്കരനായി മാറിയ മറ്റൊരു വൈദികനാണ് ബഹുമാനപ്പെട്ട അൽഫോൻസച്ചൻ. തീർത്ഥാടന പദയാത്രയിലെ നിത്യസാന്നിധ്യമായിരുന്നു. തീർത്ഥാ ടന പദയാത്രയിലെ കവല പ്രസംഗങ്ങളെ പൊതുജന സ്വീകാര്യമായ സന്ദേശതലത്തിലേക്ക് പരിവർത്തനം ചെയ്തത് അച്ചന്റെ പ്രസംഗങ്ങളിലൂടെ ആണ്. അച്ചന്റെ പ്രസംഗങ്ങളുടെ സ്വാധീനം ഇന്നും നമ്മുടെ പ്രസംഗത്തിൽ നിലനില്ക്കുന്നു. പദയാത്രികരോടൊപ്പം പള്ളി വരാന്തയിലും മരച്ചുവട്ടിലും കിടന്നുറങ്ങി ക്രമീകരണത്തിന്റെ എല്ലാ പരിമിതികളോടും പരാതിയില്ലാതെ സഹകരിച്ച് പദയാത്രയെ സന്തോഷകരമായ ഒരു അനുഭവം ആക്കുമായിരുന്നു അച്ചന്റെ സാന്നിധ്യം. ബത്തേരി രൂപതയിലെ ബഥനി ആശ്രമ വൈദികനാണ് ബഹുമാനപ്പെട്ട അൽഫോൻസച്ചൻ.

എം.സി.വൈ.എം. സെമിനാർ പ്രഭാഷകരിൽ പ്രധാനികൾ ബഹു. ശാമുവേൽ കാട്ടുകല്ലിലച്ചൻ, ബഹു. ജോസഫ് കോന്നാത്തച്ചൻ, ബഹു. തോമസ് നായിക്കംപറമ്പിലച്ചൻ, ബഹു. ദാനിയേൽ കുഴിത്തടത്തിലച്ചൻ, ബഹു.ജോൺ പടിപ്പുരയച്ചൻ തുടങ്ങിയവരായിരുന്നു. ബഹു. കാട്ടുകല്ലിലച്ചന്റെ (അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവ്) ആധുനിക കവിതകളുടെ അകമ്പടിയോടെയുള്ള സെമിനാർ ക്ലാസ്സുകൾ ഏറെ ഹൃദ്യമായിരുന്നു. മലയാള


www.malankaralibrary.com



ഭാഷയുടെ ആധുനിക ശൈലിയും പ്രയോഗവും ഞാൻ അനുകരിക്കുവാൻ ശ്രമിച്ചത് കാട്ടുകല്ലിലച്ചന്റെ പ്രസംഗത്തിന്റെ പ്രേരണയിലാണ്. ബഹു. ജോസഫ് കോന്നാത്തച്ചൻ (അഭിവന്ദ്യ ജോസഫ് മാർ തോമസ്സ് പിതാവ്)



ഒരു ആശയം പ്രവർത്തിപഥത്തിലെത്തിയാൽ സാമ്പത്തിക, സാമൂഹിക, മതപര മേഖലകളിൽ സംഭവിക്കുവാൻ സാധ്യതയുള്ളവയെക്കുറിച്ചുള്ള വിശകലനവും താരമ്യപഠനവുമായ ഒരു ശൈലിയാണ് അച്ചനുണ്ടായിരുന്നത്. ബഹു. തോമസ് നായിക്കംപറമ്പിലച്ചൻ (അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ്) വിഷയാവതരണത്തിന്റെ ആധികാരിക, കൃത്യത, വ്യക്തത എന്നിവ കൊണ്ട് ശ്രദ്ധേയനായിരുന്നു. പ്രഭാഷകനായി മാത്രമല്ല കാലിക പ്രസക്തമായ വിഷയങ്ങളിൽ ലേഖനം എഴുതിയും സഹകരിക്കുമായിരുന്നു. അതിമനോഹരമായ കൈയക്ഷരവും രചനാരീതിയുമാണ് അച്ചന്റെ പ്രത്യേകത.



എന്നോട് വലിയ സ്നേഹം പുലർത്തിയിരുന്നവരും പ്രവർത്തനങ്ങളോട് സഹകരിച്ചിരുന്നവരുമായ ധാരാളം വൈദികർ ഉണ്ട് എല്ലാവരെയും കുറിച്ചും എഴുതുവാൻ സാധിക്കുകയില്ലല്ലോ. ബഹു. ജോഷ്വ പീടികയിലച്ചൻ, ബഹു. മാത്യു വാഴപ്പിള്ളേത്തച്ചൻ, ബഹു. ചെറിയാൻ മായിക്കലച്ചൻ, ബഹു. ഇഗ്നേഷ്യസ് തങ്ങളത്തിലച്ചൻ, ബഹു. ചെറിയാൻ പണിക്കരച്ചൻ എന്നിങ്ങനെ ആ വൈദികനിര നീണ്ടുപോകുന്നു. ഇവരെല്ലാവരുടെയും സഹകരണവും പ്രാർത്ഥനയും അനുഗ്രഹവും പ്രവർത്തനത്തെ ഏറെ സഹായിച്ചിട്ടുണ്ട്.

എം.സി.വൈ.എം. പ്രവർത്തന കാലഘട്ടത്തിൽ മറക്കാനാവാത്ത അനേകം അനുഭവങ്ങൾകൊണ്ടും സഹപ്രവർത്തകരുടെ നിസ്വാർത്ഥമായ പിന്തുണകൊണ്ടും സമ്പന്നമാണ് അക്കാലത്തെ ഓർമ്മകൾ. ഏറ്റവും ദുഃഖകരമായ ഒരു അനുഭവമാണ് ആദ്യം ഓർമയിൽ വരുന്നത് 1989 ലെ തീർത്ഥാടന പദയാത്രയുടെ ക്രമീകരണവുമായി ബന്ധപ്പെട്ട് മഞ്ഞക്കാല ഇടവക വികാരിയെ കണ്ട് സംസാരിക്കണമെന്ന് എം.സി.വൈ.എം. പുനലൂർ ജില്ലാ സമിതിയുടെ ആവശ്യപ്രകാരം ഞാനും മൈലപ്ര സ്റ്റാൻലി ജോർജും കൂടി 1989 ജൂൺ 29ന് വൈകിട്ട് മഞ്ഞക്കാലക്ക് പുറപ്പെട്ടു. കൊട്ടാരക്കര കിഴക്കേതെരുവിൽ നിന്നും ഓട്ടോറിക്ഷയ്ക്ക് ആണ് പോയത്, ഇടയ്ക്കുവെച്ച് അത് കേടായി, ഒടുവിൽ മഞ്ഞക്കാലയിൽ പോകാനാകാതെ തിരിച്ചുനടന്നു കിഴക്കേത്തെരുവ് പള്ളിയിൽ എത്തിയപ്പോഴേക്കും ഒൻപതു മണി കഴിഞ്ഞിരുന്നു ബഹു.ജോൺ പുത്തൻവിളയിലച്ചനായിരുന്നു അവിടെ വികാരി. രാത്രി പോകണ്ട എന്നു പറഞ്ഞ് ഞങ്ങളെ അവിടെ താമസിപ്പിച്ചു പിറ്റേന്ന് രാവിലെ 8 മണിയോടുകൂടി നാട്ടിലെത്തിയപ്പോഴാണ് ഞങ്ങളുടെ വീട്ടിൽ ആരോ മരിച്ചതായി അറിയുന്നത്. ഞാൻ ആകെ പരിഭ്രാന്തനായി. വീടിനോട് അടുത്തപ്പോഴാണ് മരിച്ചത് എന്റെ വല്യപ്പച്ചൻ ആണെന്ന് അറിയുന്നത്, രാത്രി 10 മണിയോടെ മരിച്ചു. ഞാൻ എവിടെയാണെന്ന് കൃത്യമായി അറിയാൻ സാധിക്കാത്തതിനാൽ എന്നെ അറിയിക്കുവാൻ സാധിക്കാതെ വീട്ടുകാർ വിഷമിച്ചിരിക്കുകയായിരുന്നു. മരിക്കുന്നതിനു തൊട്ടുമുമ്പു വരെ ഞാൻ തിരിച്ചെത്തിയോ എന്ന് വല്യപ്പച്ചൻ അന്വേഷിക്കുന്നുണ്ടായിരുന്നു. അതൊരു വലിയ വിഷമമായി ഇന്നും മനസ്സിൽ നില്ക്കുന്നു.

ഞാൻ പ്രസിഡന്റ് ആയിരുന്ന സമിതിയിൽ വൈസ് പ്രസിഡന്റ് ആയിരുന്നത് അടൂരിൽ നിന്നുള്ള ബിനോ ജോർജ് മണ്ണിക്കരോട്ട് ആയിരുന്നു. പന്തളം കുളനട വെച്ച് 1989 ജനുവരി 13 ന് വലിയ വാഹനാപകടത്തിൽ പെട്ട് ഗുരുതരമായി പരിക്കേറ്റു. ദീർഘനാളത്തെ ചികിത്സയ്ക്ക് ഒടുവിൽ പൂർണ മോചനം ലഭിച്ചില്ലെങ്കിലും ബിനോ ജോർജ് എൽ.എൽ.ബി. കഴിഞ്ഞ് ഇപ്പോൾ അടൂരിൽ അഭിഭാഷകനും നോട്ടറിയും (ഇൻഡ്യ) വിവിധ ബാങ്കുകളുടെ നിയമ ഉപദേശകനും ആയി സസന്തോഷം കഴിയുന്നു. ബിനോയുടെ അപകടം ഞങ്ങളെ സംബന്ധിച്ച് വലിയ ആഘാതമായിരുന്നു. ബിനോയുടെ അസാന്നിധ്യം നൂതനമായ നേതൃത്വസങ്കൽപം ഉണ്ടായിരുന്ന സമർത്ഥനായ ഒരു യുവ നേതാവിന്റെ സേവനം എം.സി.വൈ.എം. ന് നഷ്ടമായി.1991-ലെ തീർത്ഥാടന പദയാത്രയിൽ അതിരൂപത ജനറൽ സെക്രട്ടറി ആയിരുന്ന ജോസ് ചെറിയനാടിന്റെ അപകടവും വളരെ ഗുരുതരമായിരുന്നു. ദൈവാനുഗ്രഹത്താൽ പരിപൂർണ സൗഖ്യം ലഭിച്ചു.

എന്റെ താമസം വള്ളിക്കോട്-കോട്ടയത്ത് ആയിരുന്നതിനാൽ യാത്രാ സൗകര്യങ്ങളുടെ കുറവു മൂലം സംഭവിച്ചിട്ടുള്ള നിരവധി അനുഭവങ്ങൾ ഉണ്ട്. ഉദാഹരണത്തിന് ഒരു സംഭവം എഴുതുന്നു ഞാൻ എം.സി.വൈ.എം. കോന്നി വൈദിക ജില്ലാ പ്രസിഡന്റ് ആയിരുന്ന കാലത്ത് തണ്ണിത്തോട്ടിൽ വച്ച് ഏകദിന സെമിനാർ നടത്തുവാൻ തീരുമാനിച്ചു. ഇടവക വികാരി അച്ചൻ കമ്മിറ്റിക്ക് ഹാജരാകാത്തതിനാൽ അച്ചനെ കണ്ട് അനുവാദം വാങ്ങിയ ശേഷമേ നോട്ടീസ് അച്ചടിക്കുവാൻ സാധിക്കൂ. കോന്നിയിൽ നിന്നും

www.malankaralibrary.com

ജീപ്പു മാത്രമേ തണ്ണിത്തോടിനുള്ളു. അതുമ്പുംകുളം കഴിഞ്ഞാൽ പിന്നെ റോഡില്ല. വെറും കാട്ടുപാത മാത്രം. ഞാൻ തണ്ണിത്തോട്ടിലെത്തി വികാരിയായ ബഹുമാനപ്പെട്ട ജോൺ കുരിയടത്തേരിലച്ചനെ കണ്ടുപിടിച്ച് അനുവാദം വാങ്ങിയപ്പോഴേക്കും വൈകിട്ട് 6 മണി കഴിഞ്ഞിരുന്നു. കാട്ടാനകളുടെ വിഹാര കേന്ദ്രം ആയതിനാൽ സന്ധ്യ കഴിഞ്ഞാൽ പിന്നെ അത് അതുവഴി വാഹനങ്ങൾ ഇല്ല. ഞാൻ ചെറിയ മഴയത്ത് നനഞ്ഞ് ഇരുട്ടത്ത് ഒറ്റയ്ക്ക് ആന കാട്ടിലൂടെ നടന്നും ഓടിയുമൊക്കെ അതുമ്പംകുളത്തെത്തിയപ്പോഴാണ് ജീവൻ തിരിച്ചുകിട്ടിയത്. അവിടെനിന്നും സ്വസ്ഥമായി നടന്ന് പാതിരാത്രി ആയപ്പോഴേക്കും വീട്ടിലെത്തി.

ആദ്യ ബത്തേരി യാത്ര, കർണാടകയിലെ പുത്തൂ രിനടുത്തുള്ള ന്യൂജി ബാൽത്തലയിലെ ക്യാമ്പ്, തീർത്ഥാടന പദയാത്ര അനുഭവങ്ങൾ തുടങ്ങിയ ഒരുപാട് അനുഭവങ്ങൾ പങ്കുവയ്ക്കാൻ ഉണ്ട്. അക്കാലത്തെ ജീവിതവും എം.സി.വൈ.എം. പ്രവർത്തനവും തമ്മിൽ വലിയ വ്യത്യാസം ഇല്ലായിരുന്നതിനാൽ എന്റെ ജീവിതത്തിലെ മിക്ക അനുഭവങ്ങളും എം.സി.വൈ.എം. ആയി ബന്ധപ്പെട്ടുള്ളതാണ്.

എം.സി.വൈ.എം. പ്രവർത്തനങ്ങളെ സഹായിച്ച ചില വ്യക്തികളെ കൂടി ഈ അവസരത്തിൽ ഓർമ്മിക്കുന്നു. എം.സി.വൈ.എം-ന്റെ പ്രവർത്തനങ്ങൾ ശരിക്കും സാമ്പത്തിക പരാധീനത അനുഭവിച്ചിരുന്നു. അന്നത്തെ പ്രധാന ചെലവുകളിൽ ഒന്ന് അച്ചടി ആയിരുന്നു. നോട്ടീസ്, സർക്കുലറുകൾ, ബുള്ളറ്റിൻ തുടങ്ങിയവയുടെ അച്ചടി അത്യാവശ്യം ആയിരുന്നതിനാൽ ഒരു കാരണവശാലും മുടങ്ങാൻ പാടില്ലായിരുന്നു. ഇത് നിർവ്വഹിച്ചത് ഇണ്ടികാട്ടിൽ ബേബി സാറിന്റെ ഉടമസ്ഥതയിലുള്ള വകയാർ ബീന പ്രിന്റേഴ്സിൽ ആയിരുന്നു. അച്ചടി കൂലിയുടെ കാര്യത്തിൽ ഒരിക്കൽപോലും ബേബി സാർ അലട്ടിയിരുന്നില്ല. പ്രസ്സിന്റെ മാനേജർ ശ്രീ. രാജു ഇണ്ടിക്കാട്ടിലായിരുന്നു. പ്രസ്സ് സാധാരണ ഒൻപതു മണിക്ക് ശേഷമേ തുറക്കുകയുള്ളു. എന്റെ ബസ് എട്ടുമണിക്ക് വകയാറിൽ എത്തും. ഞാൻ വന്നത് അറിഞ്ഞാൽ അപ്പോൾ രാജു വന്ന് പ്രസ്സ് തുറക്കും. അതുകൊണ്ട് ബസ് ഇറങ്ങിയാൽ ഉടനെ തന്നെ ഞാൻ ഇണ്ടികാട്ടിൽ വീട്ടിലേക്ക് രാജുവിനെ വിളിക്കാൻ പോകും. ഞാനാ വീട്ടിൽ എത്തിയാൽ എന്നെ ആദ്യം സ്വീകരിക്കുന്നത് ഏകദേശം മൂന്നു വയസ്സുള്ള വെളുത്ത ചുവന്നു തുടുത്ത സുന്ദരനായിരുന്നു. ഞങ്ങൾ തമ്മിൽ വലിയ സൗഹൃദമായിരുന്നു. ഞാൻ മടിയിലിരുത്തി ആ വെളുത്ത കൈത്തണ്ടയിൽ പൂക്കൾ, പാമ്പ്, ആന തുടങ്ങിയവ വരച്ചുകൊടുക്കുമായിരുന്നു. ഞാൻ വരച്ചില്ലെങ്കിൽ നിർബന്ധിച്ച് വരപ്പിച്ചതിനു ശേഷമേ തിരികെ പോകുവാൻ അനുവദിച്ചിരുന്നുള്ളു. ആ സുന്ദര ബാലനാണ് ഇപ്പോഴത്തെ എം.സി.വൈ.എം. ദേശീയ ഡയറക്ടർ ബഹുമാനപ്പെട്ട സിബി അച്ചൻ.

അച്ചടിയുടെ കാര്യമോർക്കുമ്പോൾ എടുത്തു പറയേണ്ട ഒരു പേരാണ് ഇ.എം.ജി. ചന്ദനപ്പള്ളി സാറിന്റേത്. എം.സി.വൈ.എം. ബുള്ളറ്റിനിന്റെ ചീഫ് എഡിറ്ററായിരുന്നു. പൊതുവേ അറിയപ്പെടുന്ന ഒരു എഴുത്തുകാരനായിരുന്ന ഇ.എം.ജി. സാറിന്റെ സേവനവും സൗഹൃദവും എനിക്ക് വലിയ സഹായം ആയിരുന്നു.എം.സി.വൈ.എം-ന്റെ ബൗദ്ധിക നിലവാരം ഉയർത്തുന്നതിനും നേതൃത്വശേഷി വർദ്ധിപ്പിക്കുന്നതിനും സഹായിച്ചവരിൽ പ്രധാനി ബഹു. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. ആണ് വ്യക്തിത്വ വികസനം, നേതൃത്വ പരിശീലനം തുടങ്ങിയ വിഷയങ്ങളിലെ അലക്സാണ്ടർ സാറിന്റെ ക്ലാസുകൾ നമ്മുടെ യുവജനങ്ങളെ ഏറെ സ്വാധീനിച്ചവയാണ്. ജീവിതവിജയം നേടിയ പലരും സാറിന്റെ ക്ലാസിന്റെ സ്വാധീനം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എം.സി.വൈ. എം ന്റെ ക്ലാസിന് ക്ഷണിച്ചാൽ എത്ര ദൂരം സഞ്ചരിച്ചായാലും സന്തോഷപൂർവ്വം അവിടെ എത്തുമായിരുന്നു എം.സി.വൈ.എം. ന് ഒരു പ്രത്യേക പരിഗണന അദ്ദേഹം നൽകിയിരുന്നു. ബഹു. അലക്സാണ്ടർ ജേക്കബ് സാറിനെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

മുൻകാല നേതാക്കന്മാരെ കുറിച്ച് ഓർക്കുമ്പോൾ ആദ്യം ഓർമ്മ വരുന്നത് കെ. വി. തോമസ്കുട്ടി സാറിനെയണ്. അദ്ദേഹം അന്ന് കോന്നി വൈദിക ജില്ലയിലായിരുന്നു. രണ്ടുപ്രാവശ്യം എം.സി.വൈ.എം. അതിരൂപതാ പ്രസിഡന്റായി അതിലൊന്നിൽ ഞങ്ങൾ ഒരുമിച്ചായിരുന്നു. സാറിന്റെ അഞ്ചലിലുള്ള വീട്ടിലെ അക്കാലത്തെ നിത്യസന്ദർശകനായിരുന്നു ഞാൻ. മറ്റൊരു മുൻകാല നേതാവായിരുന്ന ശ്രീ. മൈലപ്ര കെ. ജി. ജോയിയെ വിസ്മരിച്ചാൽ എം.സി. വൈ.എം. ചരിത്രത്തെ വിസ്മരിക്കുന്നതിന് തുല്യമായിരിക്കും. ശ്രീ. കെ. ജി. ജോയി സാറിന്റെ കാലത്താണ് ഭരണഘടന, എംബ്ലം തുടങ്ങിയവയുടെ ആദ്യരൂപം ഉണ്ടാകുന്നത്. സംഘടനയ്ക്ക് ശക്തമായ അടിത്തറ പാകാൻ ശ്രമിച്ച വ്യക്തിയായിരുന്നു ശ്രീ. കെ. ജി. ജോയ് മൈലപ്ര. ആദ്യ ദേശീയ സമിതി അംഗമായിരുന്ന ബഹു. ഗീവർഗീസ് നെടിയത്തച്ചൻ, ശ്രീ. ലാലു ജോൺ, ശ്രീ. എബ്രഹാം എം. പട്ടിയാനി, ശ്രീ. ഫിലിപ്പ് നൈനാൻ (ട്രഷറാർ), ശ്രീ. ആന്റണി ചന്ദനപ്പള്ളി (ജോയിന്റ് സെക്രട്ടറി), ശ്രീമതി സൂസൻ തോമസ്, കെ. എം. ഇ. വർഗീസ് (വൈസ് പ്രസിഡണ്ടുമാർ) എന്നിവരെക്കുറിച്ച് വിശദമായി എഴുതണമെന്നുണ്ട്. ശ്രീ. ലാലു ജോൺ പഠനാർത്ഥം രാജിവെച്ച ഒഴിവിലേക്ക് ജനറൽ സെക്രട്ടറിയായി ശ്രീ. എബ്രഹാം എം. പട്ടിയാനിയെ തിരഞ്ഞെടുക്കുകയാണുണ്ടായത്. സഹോദരതുല്യമായ സ്നേഹവും പരസ്പരബഹുമാനവും ആശയപരമായ

www.malankaralibrary.com

ഐക്യവും ഞങ്ങൾക്ക് ഉണ്ടായിരുന്നതിനാൽ പരാതികളോ പരിഭവങ്ങളോ ഒന്നും ഞങ്ങൾക്കിടയിൽ ഇല്ലായിരുന്നു എന്നത് അഭിമാനകരമായ ഓർമ്മയാണ്. അന്നത്തെ രൂപതാ ഭാരവാഹികളുമായും വൈദിക ജില്ലാ ഭാരവാഹികളുമായും നല്ല ബന്ധവും സഹകരണവും ആയതിനാൽ അവർ എല്ലാവിധ പിന്തുണയും നൽകി പ്രോത്സാഹിപ്പിച്ചു. വളരെ വിശാലമായ ഒരു സുഹൃത്ത് സമൂഹം ഇതുവഴി ഞങ്ങൾക്കുണ്ടായി. എല്ലാവരെയും നന്ദിപൂർവ്വം ഈ അവസരത്തിൽ ഓർക്കട്ടെ.

മറ്റൊരു അഭിമാനകരമായ അനുഭവം എം. സി. വൈ. എം. ദേശീയ സമിതിയുടെ രൂപീകരണത്തിന് ശേഷം ഭരണഘടനപോലെയുള്ള കാര്യങ്ങൾ രൂപപ്പെടുത്തുന്നതിൽ മുഖ്യമായ പങ്കുവഹിക്കാൻ സാധിച്ചു എന്നതാണ്.

ദേശീയ സമിതി രൂപീകരണത്തിന് ശേഷം ആദ്യം ശ്രദ്ധിച്ചത് ഭരണഘടനപോലെയുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക എന്നതായിരുന്നു. അതിനുവേണ്ടി കൂടിയ കമ്മിറ്റി മീറ്റിംഗ് നിയമാവലിയുടെ ആദ്യ രൂപരേഖ (കരടു രൂപം) തയ്യാറാക്കുവാൻ എന്നെയാണ് ചുമതലപ്പെടുത്തിയത്. എം.സി.വൈ.എം ന്റെ ഇടവക, വൈദികജില്ല, രൂപത, സഭ എന്നീ നാല് ഘടകങ്ങൾക്കും ബാധകമാകുന്നവിധത്തിൽ ഒരു പൊതുഭരണഘടന എന്നതായിരുന്നു ആദ്യ ധാരണ. അതനുസരിച്ച് വിശദമായ ഒരു ഭരണഘടന ഞാൻ തയ്യാറാക്കി കമ്മിറ്റിയിൽ അവതരിപ്പിച്ചു.

രൂപതകളുടെ എണ്ണം വർധിക്കുകയും ഭാവിയിൽ രൂപതാ സംവിധാനങ്ങൾ പൊതുവായി ഇല്ലാതെ വരികയും ചെയ്താൽ ഇപ്പോഴത്തെ ഭരണഘടനാ ചട്ടങ്ങൾ നിരവധിയായ സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ പൊതുവായ ഒരു ഭരണഘടനയും ഓരോ രൂപതകളും സ്വനിയമങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരവും വ്യവസ്ഥയും നിബന്ധനകളും പൊതുഭരണഘടനയിൽ ഉൾപ്പെടുത്തിയാൽ മതിയെന്ന് തീരുമാനിച്ചു. അതനുസരിച്ച് ഭരണഘടനയുടെ രൂപം മുഴുവനും മാറ്റിയെഴുതി അവതരിപ്പിച്ച് അംഗീകാരം നേടി. തുടർന്ന് ഞാനും നെടിയത്തച്ചനും എബ്രഹാം എം. പട്ടിയാനിയും, ഫിലിപ്പ് നൈനാനും ചേർന്ന് ബത്തേരി ബിഷപ്പ് ഹൗസിൽ നാലു ദിവസം താമസിച്ച് ഭരണഘടനയുടെ ഓരോ വകുപ്പും വിശദമായി



സിറിൽ പിതാവുമായി ചർച്ചചെയ്ത് നിർവ്വചനങ്ങളും വ്യാഖ്യാനങ്ങളും ചട്ടങ്ങളും വ്യക്തമാക്കിയാണ് രണ്ടാം യുവജന കൺവെൻഷനിൽ അംഗീകാരം നേടിയത്.

ഏറ്റവും അത്ഭുതപ്പെടുത്തിയത് ഇക്കാര്യത്തിൽ പിതാവിന്റെ താൽപര്യവും ശ്രദ്ധയും അഗാധമായ ഉൾക്കാഴ്ചയുമായിരുന്നു. തിരുവനന്തപുരം അതിരൂപതയുടെ ആദ്യ എംബ്ലത്തിനു പകരം ഞാൻ പുതിയ എംബ്ലം രൂപകൽപ്പന ചെയ്തിരുന്നു. യുവത്വത്തിന്റെ തീക്ഷ്ണമായ ചൈതന്യം ദ്യോതിപ്പിക്കുന്ന ഒന്നായിരുന്നു അത്. ആ എംബ്ലം ദേശീയ സമിതിയുടെ എംബ്ലമായി സ്വീകരിക്കുവാനായിരുന്നു പൊതുവിൽ താല്പര്യം. പക്ഷെ കമ്മിറ്റിയിൽ പുതിയ എംബ്ലം വേണമെന്ന നിർദ്ദേശം വരികയും സിറിൽ പിതാവ് അത് അംഗീകരിക്കുകയും ചെയ്തു. പുതിയ ഒരു എംബ്ലം തയ്യാറാക്കാൻ എന്നോട് നിർദ്ദേശിച്ചു അങ്ങനെ രണ്ടാമതായി രൂപകൽപന ചെയ്തതാണ് ഇപ്പോഴത്തെ എംബ്ലം. കമ്മിറ്റിയിൽ, ഓരോ വരകളും എന്താണ് അർത്ഥമാക്കുന്നത് എന്ന് ഞാൻ വിശദീകരിച്ചു. യുവതികളെ പ്രീതിനിധികരിക്കണമെങ്കിൽ ഒരു കയ്യിൽ വള വേണം എന്ന നിർദ്ദേശം ഉണ്ടായി. എനിക്കതിനോട് യോജിപ്പില്ലായിരുന്നു. വളയില്ലങ്കിലും യുവതി യുവാക്കന്മാരെ പ്രതിനിധാനം ചെയ്യുമെന്നായിരുന്നു എന്റെ അഭിപ്രായം. ഒടുവിൽ സിറിൽ പിതാവ് ഇടപെട്ട് വളയല്ലാതെ മറ്റൊരു തിരുത്തും ആവിശ്യമില്ലല്ലോ എന്ന് ആരായുകയും ഒരു വള കൂടി വരച്ചേര് എന്ന് സിറിൽ പിതാവ് ചിരിച്ചു കൊണ്ട് എന്നോട് പറയുകയും ചെയ്തു. അങ്ങനെ എംബ്ലം ഉണ്ടായി

എം.സി.വൈ.എം-ന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ വി. ഫ്രാൻസിസ് അസീസ്സിയാണല്ലോ. ഈ വിശുദ്ധന്റെ പ്രസിദ്ധമായ ഒരു പ്രാർത്ഥനയുണ്ടെന്ന് എനിക്കറിയാമായിരുന്നു. എങ്ങനെ അത് സംഘടിപ്പിക്കും എന്ന് ആലോചിച്ചിരിക്കുമ്പോഴാണ് അന്ന് എം.സി.വൈ.എം. കൊല്ലം ജില്ലാ ഭാരവാഹികളായിരുന്ന ശ്രീ. അഗസ്റ്റിൻ (ഇന്ന് അദ്ദേഹം ബഥനി ആശ്രമ വൈദികനാണ്), ബാബു അമ്പലത്തുംകാല (ഇപ്പോൾ MCA സഭാതല ട്രഷറാർ) എന്നിവർ എനിക്ക് മുഖത്തല സെന്റ് ജൂഡ് സ്കൂളിന്റെ ഒരു സുവനീർ തന്നു. ഭാഗ്യത്തിന് ആ സുവനീറിന്റെ ഒരു പേജിൽ ഈ പ്രാർത്ഥന മുഴുവനും അച്ചടിച്ചിരുന്നു. അത് മുറിച്ചെടുത്തു അങ്ങനെ പ്രാർത്ഥനയും ലഭിച്ചു.

കൊല്ലത്ത് രണ്ടാം യുവജന സംഗമം ആരംഭിക്കുവാൻ നിമിഷങ്ങൾ ബാക്കി. ബഹു. ജോസ് ചാമക്കാലായിലച്ചൻ (അന്ന് തിരുവനന്തപുരം എം.സി.വൈ.എം. ഡയറക്ടർ) എന്നോടു പറഞ്ഞു, സിറിൽ പിതാവ് പറഞ്ഞു ഈ സമ്മേളനത്തിൽ ചൊല്ലുവാൻ ഒരു

www.malankaralibrary.com

പ്രതിജ്ഞ നീ എഴുതി തയ്യാറാക്കാൻ. ഉടനെ തന്നെ



എന്റെ കൈയിലിരുന്ന ഒരു സ്കെച്ച് പേന കൊണ്ട് ഒരു പേപ്പറിന്റെ മറുപുറത്ത് ഒരു പ്രതിജ്ഞ എഴുതി ചാമക്കാലായിലച്ചനെ കാണിച്ചു. വളരെ നന്നായിരിക്കുന്നു പിതാവിനെ കാണിക്കാൻ അച്ചൻ പറഞ്ഞു. അപ്പോഴേക്കും പിതാക്കന്മാർ സ്റ്റേജിൽ എത്തിയിരുന്നു അദ്ധ്യക്ഷനായ എന്റെ സ്ഥാനം സിറിൽ പിതാവിന്റെ അടുത്തായിരുന്നതിനാൽ പ്രതിജ്ഞ പിതാവിനെ കാണിച്ചു. പ്രതിജ്ഞ വായിച്ചു നോക്കിയതിന് ശേഷം 'ഈ പ്രതിജ്ഞ നിറവേറ്റുവാൻ പരിശുദ്ധ ദൈവമാതാവും സകല വിശുദ്ധന്മാരും എന്നെ സഹായിക്കട്ടെ' എന്ന വാചകം കൂടി ചേർക്കാൻ പിതാവ് നിർദ്ദേശിച്ചു. അങ്ങനെ അല്പസമയം കൊണ്ട് യാതൊരു തിരുത്തലുമില്ലാതെ എം.സി.വൈ.എം ന് പ്രതിജ്ഞ ഉണ്ടായി.

രണ്ടാം യുവജന സംഗമത്തിന് തലേദിവസം നടന്ന എം.സി.വൈ.എം. നേതൃത്വയോഗം (സെനറ്റ്) കൊല്ലത്തെ പ്രസിദ്ധമായ 'ഷൈൻസ് ' എന്ന ബാർ ഹോട്ടലിൽ വെച്ചാണ് നടന്നത്. സിറിൽ പിതാവിന് ഉൾപ്പടെ എല്ലാവർക്കും താമസവും ഭക്ഷണവുമെല്ലാം ആ ഹോട്ടലിലായിരുന്നു.

മലങ്കര സഭാംഗവും ഞങ്ങളുടെ നാട്ടുകാരനും ആയിരുന്നു ഈ ഹോട്ടലുടമ. ബാർ മൂന്നുദിവസം മുമ്പ് പൂട്ടുകയും ഹോട്ടലിലെ എല്ലാ സൗകര്യങ്ങളും സൗജന്യമായി നൽകുകയും ചെയ്തത് നന്ദിപൂർവം ഓർക്കുന്നു. എം.സി.വൈ.എം. മീറ്റിങ്ങുകളിൽ നിലത്തും ബഞ്ചിലും ഡെസ്കിലും ഒക്കെ കിടന്നുറങ്ങി ശീലിച്ച ഞങ്ങൾ ആദ്യമായി ഒരു എ. സി. സ്റ്റാർ ഹോട്ടലിന്റെ സൗകര്യങ്ങൾ ആസ്വദിച്ച് ഒരു യോഗം നടത്തി എന്നതും ചരിത്രം.

എന്റെ കുടുംബപശ്ചാത്തലം. ഞാൻ ഇന്ത്യൻ ഓവർസീസ് ബാങ്കിൽ നിന്നും ഇപ്പോൾ റിട്ടയർ ചെയ്തു. എന്റെ ഭാര്യ ആനി മോൻസൻ ഇപ്പോൾ കൊല്ലം ജില്ലയിലുള്ള ഒരു ഗവൺമെന്റ് സ്കൂളിലെ പ്രധാന അധ്യാപികയാണ്. മകൾ ആഷ്‌ലി മോൻസൻ മാത്യു തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്ന് എം.ബി.ബി.എസ്. പൂർത്തിയാക്കിയതിനു ശേഷം അഹമ്മദാബാദ് ബി.ജെ. മെഡിക്കൽ കോളേജിൽ എം.ഡിക്ക് പഠിക്കുന്നു. മകൻ ഡെന്നിസ് മോൻസൻ അടൂർ എൻജിനീയറിങ് കോളേജിൽ നിന്നും കമ്പ്യൂട്ടർ സയൻസിൽ ബിരുദം നേടിയതിനുശേഷം കേരള യൂണിവേഴ്സിറ്റിയുടെ ഏഴംകുളം യൂ.ഐ.എം- ൽ എം.ബി.എയ്ക്കു പഠിക്കുന്നു. എന്റെ അമ്മ അന്നമ്മ വർഗീസ് എന്നോടൊപ്പം അടൂരിൽ താമസിക്കുന്നു. ഇന്ത്യൻ ഓവർസീസ് ബാങ്ക് പത്തനംതിട്ട ശാഖയിൽ ക്ലർക്കായി ജോലിയിൽ പ്രവേശിച്ചു. എം.സി.വൈ.എം. നേതൃത്വത്തിൽ ഞാൻ ഉണ്ടായിരുന്നതിനാൽ ഒരു പൊതുപ്രവർത്തകൻ എന്നതിന്റെ ഒരു പ്രത്യേക ആനുകൂല്യം ബാങ്കിലെ സഹപ്രവർത്തകരിൽ നിന്നും അധികാരികളിൽ നിന്നും ട്രേഡ് യൂണിയൻ നേതാക്കന്മരിൽ നിന്നും ലഭിച്ചിരുന്നു. അതുകൊണ്ട് പത്തനംതിട്ട ജില്ല വിട്ട് പുറത്തേക്ക് മാറ്റമുണ്ടായില്ല. ഏതാണ്ട് 9 വർഷക്കാലം (പെൻഷൻ ആകുന്നതുവരെ) എല്ലാ ബാങ്കുകളുടെയും ഓഫീസർമാരുടെ സംഘടനകളുടെ സംയുക്ത സംഘടനയായ ഓൾ ഇന്ത്യ ബാങ്ക് ഓഫീസേഴ്സ് കോൺഫെഡറേഷന്റെ പത്തനംതിട്ട ജില്ലാ സെക്രട്ടറിയായിരുന്നു. ആദ്യകാലങ്ങളിൽ എം.സി.വൈ. എം.നു വേണ്ടിയും പിന്നീട് എം.സി.എ-യ്ക്കു വേണ്ടി വളരെയധികം അവധികൾ എടുക്കേണ്ടി വന്നിട്ടുണ്ട്. ആ ബുദ്ധിമുട്ടുകൾ എല്ലാ കാലത്തേയും സഹപ്രവർത്തകർ ഏറ്റെടുത്ത് എന്നോട് സഹകരിച്ചിരുന്നു.

എന്റെ പ്രവർത്തനങ്ങൾ ഏറ്റവുമധികം പിന്തുണയ്ക്കുകയും ആവശ്യഘട്ടങ്ങളിലെല്ലാം നിസ്വാർത്ഥമായി സഹായിക്കുകയും ചെയ്ത എന്റെ മാതൃ ഇടവകയായ വി. കോട്ടയം ഇടവക യൂണിറ്റിലെ എല്ലാ അംഗങ്ങളെയും ഈ അവസരത്തിൽ ഓർക്കുന്നു. അവർ ഉപരിസമിതിയിലേക്ക് എനിക്ക് അവസരം നൽകി ഇല്ലായിരുന്നുവെങ്കിൽ മുന്നോട്ടുള്ള യാത്ര അസാധ്യമായിരുന്നു. വളരെയധികം അതിരൂപത നേതാക്കന്മാരേയും സഭാതല നേതാക്കന്മാരേയും സംഭാവന ചെയ്ത വൈദിക ജില്ലയാണ് കോന്നി. ജില്ലാ സമിതി അംഗങ്ങൾ എന്നെ അംഗീകരിച്ച് തുടർച്ചയായി അതിരൂപതാ സമിതിയിലേക്ക് തിരഞ്ഞെടുത്ത അയച്ചില്ലായിരുന്നുവെങ്കിൽ അതിരൂപത നേതൃത്വം സാധ്യമാകില്ലായിരുന്നു. ഒരു വലിയ സമൂഹത്തിന്റെ ഔദാര്യപൂർവ്വമായ ദാനം ആയിട്ടാണ് ഈ ഭാരവാഹിത്വങ്ങളെ ഞാൻ മനസ്സിലാക്കുന്നത്. ഞാൻ എഴുതിയതിൽ ആത്മപ്രശംസയുടെ അംശം അനുഭവപ്പെടുന്നുവെങ്കിൽ എന്റെ മനോഭാവത്തിന്റെയല്ല എന്റെ അവതരണ ശൈലിയുടെ പരിമിതിയായി മാത്രം കണക്കാക്കുവാൻ അപേക്ഷ. ഒരു സമൂഹം ചലനാത്മകമാകുന്നതും നാളെയെക്കുറിച്ച് മോഹന സ്വപ്നങ്ങൾ കാണുന്നതും പ്രത്യാശയോടെ നല്ല ഭാവിയെ പ്രതീക്ഷിക്കുന്നതും എല്ലാം ആ സമൂഹത്തിലെ യുവജനസഞ്ചയത്തിന്റെ സ്വഭാവവും ശേഷിയും ആഭിമുഖ്യങ്ങളും അടിസ്ഥാനമാക്കിയാണല്ലോ. മറ്റു യുവജന സംഘടനകൾ ചെയ്യുന്ന

www.malankaralibrary.com

പ്രവർത്തനങ്ങളും പ്രതികരണങ്ങളും എം.സി.വൈ. എം -ൽ അനുവദനീയമല്ല. കാരണം പ്രായപരിധി കൊണ്ട് അംഗത്വം നിശ്ചയിച്ചിരിക്കുന്ന യുവജനസഭ യാണിത്. അതുകൊണ്ട് ചില നിയന്ത്രണങ്ങളും നിരോധനങ്ങളും നിബന്ധനകളും ഉണ്ടാകും. എന്നാലും നിയതമായ പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് മറ്റേത് യുവജന പ്രസ്ഥാനത്തിലെ പ്രവർത്ത കർക്കു ഉയരാവുന്നതിലധികം ഉയരാനുള്ള സാധ്യ തകൾ നിലവിലുണ്ട്. ഉദാഹരണത്തിന് ഒരു കളിക്കള ത്തിൽ കളിയുടെ എല്ലാ നിയമങ്ങളും അനുസരിച്ച് കളിച്ചാണ് ഒരു കായികതാരം തന്റെ പ്രതിഭ തെളി യിക്കുന്നത്. കളിക്കളത്തിൽ നിയമങ്ങൾ ലംഘിച്ച് എത്ര പ്രതിഭാശാലിയെങ്കിലും കളിച്ചിട്ട് പ്രയോ ജനമില്ല. ഞങ്ങളുടെ കാലഘട്ടത്തെ അപേക്ഷിച്ച് സമ്പത്തിന്റെയും സാങ്കേതികവിദ്യയുടെയും സഹക രണത്തിന്റെയും പരിപൂർണ്ണ പിൻബലം പ്രസ്ഥാനത്തി നുണ്ട്. ഇന്ന് പ്രവർത്തന ഫണ്ടിനും ക്ഷാമമില്ല. യാത്രാ സൗകര്യങ്ങൾ ആശയവിനിമയ സംവിധാനങ്ങൾ എല്ലാം പരമാവധി ആണ്. ഇത് സൃഷ്ടിപരമായ കാര്യ ങ്ങൾക്ക് വിനിയോഗിച്ചാൽ മാത്രം മതി.

ഞങ്ങളുടെ കാലഘട്ടത്തിൽ സഭയുടെ പൊതു നിസ്സഹകരണം പ്രവർത്തനസാധ്യതകളെ പ്രതികൂല മായി ബാധിച്ചിരുന്നു. ഇന്ന് സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ തിരുമനസ്സുകൊണ്ട് പ്രവർത്ത നങ്ങൾ നിരന്തരം നിരീക്ഷിക്കുകയും വിലയിരുത്തു കയും അനന്തരനടപടികൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. കൂടാതെ നേതൃത്വത്തിന് കരുത്തും കരുതലും പ്രചോദനവും നൽകി ഒപ്പം നിൽക്കുന്നു. തീർത്ഥാടന പദയാത്രയിൽ ഒരു സാധാരണ പദയാത്രികനായി സംഘാടക സമിതിയുടെ എല്ലാ നിർദ്ദേശങ്ങളും അനുസരിച്ച് അത്യഭിവന്ദ്യ കാതോ ലിക്കാബാവ ആദ്യാവസാനം പങ്കെടുക്കുന്ന കാഴ്ച അസൂയയോടെ കൂടി മാത്രമേ ഞങ്ങളുടെ തലമുറക്ക് കാണാനാകൂ. എം.സി.വൈ.എം.-നെ സംബന്ധിച്ചിട ത്തോളം ഭാഗ്യകരമായ സാഹചര്യമാണിത്. യൂത്ത് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസന്റ് മാർ പൗലോസ് പിതാവ് നിറചിരിയോടെ എന്തിനും





ഏതിനും തയ്യാറായി യുവാക്ക ളോട് ഒപ്പം നിൽക്കുന്നതും യുവ ജന നേതൃത്വം ഔപചാരികത യുടെ ചടങ്ങുകൾ ഇല്ലാതെ പിതാ വുമായി സ്നേഹപുരസരം ഇട പഴകുന്നതും ഞാൻ സന്തോഷ പൂർവ്വം നോക്കി നിന്നിട്ടുണ്ട്. എല്ലാ അഭിവന്ദ്യരായ രൂപതാ ദ്ധ്യക്ഷന്മാരും വൈദികസമൂഹം ഏതാണ്ട് പൂർണ്ണമായും എം.സി. വൈ.എം.-ന് ഒപ്പമുണ്ട്. ഈ അനുകൂല സാഹചര്യത്തിൽ ലക്ഷ്യ പ്രാപ്തിയിലേക്ക് അടുക്കുവാൻ സാധിച്ചില്ലെങ്കിൽ ഇതുപോലെ മറ്റൊരു കാലഘട്ടം ഇനിയും ലഭ്യമാ കുമോ എന്നതിൽ സംശയമുണ്ട്.

സഭ ദൈവത്തിന്റെ സംവിധാനമാണ്. രണ്ടാ യിരം വർഷങ്ങൾക്കു മുമ്പ് ആരംഭിച്ച് ലോകാവ സാനം വരെ നിലനിൽക്കുന്ന സഭയിൽ ഈ കാല ഘട്ടത്തിൽ നാം ആയിരിക്കുന്നു. തലമുറകളായി നിലനിൽക്കുകയും കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യുന്ന ഒരു വിശുദ്ധ പൈതൃകത്തിന്റെ അൽപ കാലത്തെ സൂക്ഷിപ്പുകാരും പരിപാലകരും ആണ് നാം. അഭിവന്ദ്യരായ പിതാക്കന്മാരും വൈദികരും അല്മായ വിഭാഗവും എല്ലാം ഈ വിശ്വാസത്തിന്റെ കാവൽക്കാരും കൈമാറ്റക്കാരുമായി ചിലയിടങ്ങളിൽ ചില ജോലികളിൽ നിയോഗിക്കപ്പെട്ടവർ മാത്രം. അതുകൊണ്ട് ഓരോരുത്തരുടെയും നിയോഗം വ്യത്യസ്തമാണ്. അതുകൊണ്ട് മറ്റൊരാൾ എന്തു ചെയ്യുന്നു, എന്ത് ചെയ്യുന്നില്ലായെന്ന് പരിശോ ധിക്കേണ്ടതോ തിരുത്തേണ്ടതോ ആയ ആവശ്യമില്ല. നമ്മെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്തങ്ങൾ ശ്രദ്ധയോടെ ഉത്സാഹത്തോടെ നിറവേറ്റുക. പിതാക്ക ന്മാരും നേതാക്കന്മാരും വൈദികരും അംഗീകരിച്ചില്ല എന്ന ആശങ്കക്കും പരാതിക്കും ഈ മേഖലയിൽ അർ ത്ഥമില്ല. മാനുഷികമായ അംഗീകാരത്തിന്റെ അന്തസ്സും ആയുസ്സും ക്ഷണികമാണ് ആപേക്ഷികമാണ്. ദൈവത്തിന്റെ ഉടമസ്ഥതയിലുള്ള സഭയിൽ വേല ചെയ്യുന്നതിന് പ്രതിഫലം മനുഷ്യനല്ല ദൈവമാണ് തരേണ്ടത്. അതുകൊണ്ട് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന വേല നിർവഹിച്ചു ദൈവത്തിന്റെ വിശ്വസ്ത ദാസന്മാ രുടെ പട്ടികയിൽ ഇടം നേടുക. സത്യസന്ധതയോടെ ആത്മാർത്ഥതയോടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റി യതിനു ശേഷം പ്രശംസക്കും അംഗീകാരത്തിനും കാത്തുനിൽക്കാതെ രംഗം ഒഴിയുക. ഇത് പ്രക്ഷുബ്ധ മായ എന്റെ യൗവ്വനനാളുകളിൽ ബഹു. ഡൊമിനിക് സഖറിയാസച്ചൻ എനിക്ക് നൽകിയ ഉപദേശത്തിന്റെ ഏകദേശ രൂപമാണ്. എനിക്ക് വളരെ സ്വീകാര്യമായി തോന്നിയതിനാൽ ഞാൻ ഈ ഉപദേശം അനുസരി ക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഈ ഉപദേശം ഇന്നത്തെ യുവജന സഭയ്ക്കും കൈമാറുന്നു.

www.malankaralibrary.com

എം.സി.വൈ.എം. പ്രവർത്തനം കേവലം ഒരു സംഘടനാപ്രവർത്തനം എന്ന സാമാന്യനിലയിൽ സ്വീകരിച്ചവർ ഉണ്ട്. ഒരു ആത്മീയശുശ്രൂഷ വേദിയായിട്ട് വേണം ഈ പ്രവർത്തന മേഖല സ്വീകരിക്കപ്പെടേണ്ടത്.

സഭയുടെ കൂദാശാ പരികർമ്മങ്ങളിൽ നാം എത്രമാത്രം ഭക്തിയോട്ടം ശ്രദ്ധയോടും വിശുദ്ധിയോടും (ഭയത്തോടും വിറയലോടും) കൂടിയാണോ പങ്കെടുക്കുന്നത് ആ മനോഭാവത്തിൽ ഒട്ടും കുറവില്ലാതെ വേണം എം.സി.വൈ.എം. വേദിയിലും പ്രവർത്തിക്കേണ്ടത്. കാരണം ദൈവം തനിക്കു വേണ്ടി ഒരു ജനതയെ രൂപപ്പെടുത്തുന്ന പ്രക്രിയയിലാണ് അറിഞ്ഞോ അറിയാതെയോ നിങ്ങൾ പങ്കെടുത്തു കൊണ്ടിരിക്കുന്നത് എന്ന ബോധ്യം ഉണ്ടായിരിക്കണം. ഇടവക യൂണിറ്റിലെ സാധാരണ അംഗം മുതൽ സഭാതല സമിതി നേതാക്കന്മാർക്കു വരെ ഒരേ വേലയും ഒരേ കൂലിയുമാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ഭാരവാഹികൾക്ക് സംഘടനാപരമായ ചില ഉത്തരവാദിത്വങ്ങളുണ്ട്, വിപുലമായ പ്രവർത്തനമേഖലയുണ്ട് എന്നു മാത്രമേ വ്യത്യാസമുള്ളൂ. അതുകൊണ്ട് നേതൃത്വത്തിലെത്തിയതിനു ശേഷം ഞാൻ പ്രവർത്തിച്ചു കൊള്ളാം എന്നു കരുതി നിഷ്ക്രിയരാകരുത്.

ഈ 'കലപ്പയ്ക്ക് കൈ കൊടുത്തിട്ട് തിരിഞ്ഞു നോക്കാതിരുന്നവർ' എല്ലാവരും വ്യക്തി ജീവിതത്തിൽ യോഗ്യതകൾക്കും അർഹതകൾക്കും ഉപരിയായി ജീവിതവിജയം നേടിയപ്പോൾ എം.സി.വൈ.എം. വേദി മറ്റു പല വിനോദങ്ങൾക്കും അവസരമാക്കിയവർ സമർത്ഥരായിട്ടും യോഗ്യതകൾ ഏറെ ഉണ്ടായിട്ടും ജീവിതത്തിൽ വേണ്ടത്ര നേട്ടങ്ങൾ കൈവരിക്കാനായിട്ടില്ല. അനുഭവങ്ങളായി ഇത് ഒരു സാക്ഷ്യമാണ്. പ്രതിസന്ധികളേയും പ്രതിലോമ സാഹചര്യങ്ങളേയും അതിജീവിച്ച് സൗഭാഗ്യകരമായ ഒരു ജീവിതമാണ് നിങ്ങൾ സ്വപ്നം കാണുന്നതെങ്കിൽ ഒരു ഭക്താനുഷ്ഠാനമായി എം.സി.വൈ.എം. പ്രവർത്തനത്തെ സ്വീകരിക്കുക' നല്ലവനും ഗുണവാനുമായ ഭൃത്യന് അവകാശപ്പെട്ടിരിക്കുന്ന എല്ലാ സൗഭാഗ്യങ്ങളും നിങ്ങളെ തേടിയെത്തും അനുഭവങ്ങളെയും സ്വീകരിച്ച ദർശനങ്ങളെയും പങ്കുവെക്കുവാൻ ഏറെയുണ്ടെങ്കിലും ഞാൻ ഉപസംഹരിക്കുകയാണ്.

ആശയങ്ങളുടെ മഹാപ്രവാഹങ്ങൾ ഇന്ന് ഏതാണ്ട് നിലച്ചിരിക്കുകയാണ്. കാലാതിവർത്തികളായ സത്യങ്ങൾക്കും തത്വങ്ങൾക്കും മാത്രമേ ആയുസ്സ് ഉണ്ടാകൂ എന്ന് കാലം തെളിയിച്ചിരിക്കുന്നു. പക്ഷേ സാങ്കേതികവിദ്യയുടെ മുന്നേറ്റവും നവമാധ്യമ സംസ്കാരവും മറ്റും മനുഷ്യഭാവനയ്ക്ക് അപ്പുറമുള്ള ഗുരുതരമായ ഭവിഷ്യത്തുകളുടെ അപായസൂചനകൾ നൽകുന്നു. വർഗീയതയും വിഭാഗീയതയും സകല രൗദ്രഭാവവും ഉൾക്കൊണ്ട് സമൂഹത്തിൽ വ്യാപി ക്കുന്നു. അന്യമതസ്ഥരോടുള്ള ചങ്ങാത്തവും മതസൗഹാർദവും മതസഹിഷ്ണുതയും എല്ലാം ബോധപൂർവ്വം പുലർത്തേണ്ട ദിനചര്യകളുടെ പട്ടികയിൽ പുതുതായി ഇടം പിടിച്ചിരിക്കുന്നു. ലൗ ജിഹാദ് പോലെയുള്ള ചില അപകടസൂചനകൾ അവിടെയും നിലനിൽക്കുന്നു. ഞങ്ങളുടെ യുവത്വത്തിന്റെ നാളുകളെക്കാൾ അപകടരഹിതവും ആശ്വാസകരമായ നാളുകളിലാണ് നിങ്ങൾ ജീവിക്കുന്നത് എന്ന് പറയാനാവു ന്നില്ല. ഞങ്ങൾ ആ കാലഘട്ടത്തെ അതിജീവിച്ചതു പോലെ സഭയുടെ ദർശനങ്ങളും പ്രബോധനങ്ങളും ഉൾക്കൊണ്ട് ജീവിത വീക്ഷണങ്ങളെ നിയന്ത്രിക്കുവാനും ക്രമീകരിക്കുവാനും എം.സി.വൈ.എം. പ്രവർത്തന പങ്കാളിത്തത്തിലൂടെ നിങ്ങൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. പ്രസ്ഥാനത്തിന്റെ സംഘടനാശക്തി നിങ്ങൾക്ക് അതിന് ധൈര്യം പകരട്ടെ. നാശത്തിന് വിശാല വീഥികളിൽ നിന്നും നന്മയുടെ ഇടുങ്ങിയ വഴികൾ കണ്ടെത്തി പ്രവേശിക്കാനുള്ള ഉൾക്കാഴ്ചയും വെളിച്ചവും ആർജ്ജവവും നിങ്ങൾ സമ്പാദിക്കുവാൻ എം.സി.വൈ.എം. പ്രവർത്തനം സഹായിക്കട്ടെ എന്ന് പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

**മോൻസൺ കെ. മാത്യു**
*എം.സി.വൈ.എം. സഭാതല സമിതിയുടെ ആദ്യ പ്രസിഡന്റ്*



www.malankaralibrary.com






**മാത്യുക്കുട്ടി വാലുപറമ്പിൽ**

# തീർത്ഥാടന പദയാത്ര - അനുഭവവും സാക്ഷ്യവും

ഓരോ കാലയളവിലും ചരിത്രഗതികളെ നിയന്ത്രിക്കുവാൻ, നേരിൻ പാതയിൽ നയിക്കുവാൻ ദൈവം മഹാത്മാക്കളെ ലോകത്തിന് പ്രദാനം ചെയ്തിട്ടുണ്ട്. 19-ാം നൂറ്റാണ്ടിൽ ജനിച്ച് 20-ാം നൂറ്റാണ്ടിന്റെ ഭാഗ്യനക്ഷത്രമായി പ്രശോഭിച്ച ഒരു പുണ്യ താരകമാണ് ആർച്ചു ബിഷപ്പ് ഗീവറുഗീസ് മാർ ഈവാനിയോസ്. 20-ാം നൂറ്റാണ്ടിന്റെ ചരിത്ര സത്യമായ പുനരൈക്യം എന്ന മഹാസഭൈക്യ പ്രസ്ഥാനം വഴി സത്യത്തിന്റെ, ഐക്യത്തിന്റെ സന്ദേശം ആഗോളസഭയ്ക്കും, ഭാരത സഭയ്ക്കും നൽകിയ മഹാചാര്യൻ. കേൾക്കുമ്പോൾ സുഖകരമെങ്കിലും അതിനു നൽകേണ്ടിവന്ന വലിയവില, ത്യാഗം എടുക്കേണ്ടി വന്ന കുരിശിന്റെ വഴിക്ക് സ്വർഗ്ഗം ഉത്തരം നൽകിയിരിക്കുന്നു എന്നതാണല്ലോ ഇന്നു മലങ്കരമക്കൾ അനുഭവിക്കുന്ന നന്മകൾ. അനേകം വിശ്വാസികൾ ഹൃദയത്തിൽ ചേർത്തു വച്ച് ആ നന്മകൾക്ക് പുണ്യ താതനോടും, ദൈവപിതാവിനോടും നന്ദി പറയുന്നു.

ആ കൃതജ്ഞത പ്രകാശനത്തിന്റെ പ്രത്യക്ഷ പ്രകടനമാണല്ലോ എല്ലാ വർഷവും ജൂലൈ മാസത്തിൽ നാം നടത്തുന്ന അനുസ്മരണ ചടങ്ങുകളും തീർത്ഥാടന പദയാത്രയും. ആ തീർത്ഥാടക സംഘത്തിൽ അംഗമായി ഒരു തീർത്ഥാടകനാകാൻ എനിക്കും ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. പിതാവിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥത വഴി ആത്മീകവും ഭൗതീകവുമായ ധാരാളം നന്മകൾ ഞാൻ സ്വീകരിച്ചിട്ടുണ്ട്. "ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാണെന്ന്" (1 കോറി: 15.10) വി. പൗലോസിന്റെ വാക്കുകളോട് ചേർത്ത് പറയുവാൻ സാധിക്കും. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മാദ്ധ്യസ്ഥം ഞങ്ങൾക്കെന്നും കോട്ടയാണ്. അനേക പ്രതിസന്ധി ഘട്ടത്തിൽ ആ കബറിങ്കൽ പോയിരുന്നുള്ള പ്രാർത്ഥനയുടെ ഉത്തരം അനുഗ്രഹങ്ങളായി ഞങ്ങളുടെ കുടുംബത്തിന് ലഭിച്ചിട്ടുണ്ട്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിടം ഇന്നൊരു തീർത്ഥാടന കേന്ദ്രമാണ്. എല്ലാ ദിവസങ്ങളിലും ധാരാളമാളുകൾ ജാതിമത ഭേദമന്യേ ആ തൃപ്പാദത്തിൽ കണ്ണുനീരോടെ വന്നണയുന്നത് ഞാൻ കാണുന്നുണ്ട്. അനേകർ സംതൃപ്തരായി നന്ദി പറഞ്ഞു പോകുന്നതും കാണുന്നു.

ഞാൻ എം.സി.വൈ.എം. അംഗമാകുന്നത് 1978 ലാണെന്നു തോന്നുന്നു. അന്ന് ശ്രീമാൻ കെ. ജി. ജോയി മൈലപ്രാ (മുൻ എം.സി.വൈ.എം. അതിഭദ്രാസന പ്രസിഡന്റ്) വയ്യാറ്റുപുഴ പള്ളിയിൽ വന്നു യൂണിറ്റു സ്ഥാപിച്ചു. ഞാൻ ട്രഷററും ജില്ലാ പ്രതിനിധിയുമായി തെരഞ്ഞെടുക്കപ്പെട്ടു. പത്തനംതിട്ട, റാന്നി പെരുനാട് ഒരു മേഖലയായി പ്രവർത്തിച്ചിരുന്ന കാല


www.malankaralibrary.com

ഘട്ടത്തിൽ കടമ്മനിട്ട ഇടവകാംഗമായ ശാമുവേൽ ചാന്തുകാവിൽ പ്രസിഡന്റും, ഞാൻ വൈസ് പ്രസിഡന്റുമായിരുന്നു. പിന്നീട് റാന്നി പെരുനാട് ജില്ലയിൽ വിവിധ പദവികൾ. 1980-85 കാലഘട്ടത്തിൽ. അക്കാല ഘട്ടം എം.സി.വൈ.എം. പ്രതിസന്ധി ഘട്ടവുമായിരുന്നു. ജില്ലയുടെ പ്രസിഡന്റ് എന്ന നിലയിൽ അതിരൂപതാ നേതൃത്വത്തിന് നല്ല പിന്തുണ നൽകാൻ അന്നു സാധിച്ചു. പ്രത്യേകിച്ച് മൈലപ്രാ കെ. ജി. ജോയി, സ്റ്റാൻലി തുടങ്ങിയവർക്ക്. 1981 മുതൽ ഞാൻ തിരുവനന്തപുരത്ത് മാർ ഈവാനിയോസ് കോളജിൽ ആയിരുന്നതു കൊണ്ട് അവിടെ നിന്നു തീർത്ഥാടന പദയാത്രക്ക് വേണ്ട ക്രമീകരണവും സഹായവും ചെയ്യാനും സാധിച്ചിട്ടുണ്ട്.

1979 ലാണ് ആദ്യമായി പദയാത്രയിൽ കുറച്ചു ദൂരം പങ്കെടുത്തത്. 78-ൽ ആരംഭം മാത്രവും. തുടർന്ന് എല്ലാ വർഷങ്ങളിലും പൂർണദിനങ്ങൾ സംബന്ധിച്ചില്ലെങ്കിലും ഏതാനും ദിവസങ്ങളിൽ എങ്കിലും പങ്കെടുക്കും. ഇന്നും അത് തുടരുന്നു. 1980-85 കാലഘട്ടം തുടർച്ചയായി പങ്കെടുത്തിരുന്നു. പിന്നീടും പൂർണദിനങ്ങൾ പലവർഷങ്ങളിലും പദയാത്രികനായിട്ടുണ്ട്. ഇത് വലിയ ഒരു അനുഭവം തന്നെയാണ്. ആദ്യ പദയാത്രാസംഘാംഗങ്ങളുടെ തീഷ്ണത, ആവേശം ഇന്നും മനസിൽ മായാതെയുണ്ട്. വന്ദ്യ വൈദികർ ഉൾപ്പടെയുള്ളവർ ഭാണ്ഡങ്ങൾ തോളിൽ തൂക്കി നഗ്നപാദരായുള്ള ആ നടത്തം. ഒന്നിനു വേണ്ടിയും കാത്തുനിൽ ക്കാതെയുള്ള തികച്ചും സന്യസ്തമായ ആ തീർത്ഥയാത്ര. ഭക്ഷണത്തിനോ വിശ്രമത്തിനോ അന്തിയുറക്കത്തിനോ വേണ്ടിയുള്ള പരക്കം പാച്ചിലോ ഒന്നുമില്ല. ചിന്തയിലും, മനസ്സിലും ഒരേ മന്ത്രം മാത്രം. മലങ്കര മക്കൾക്കുവേണ്ടിയുള്ള പ്രാർത്ഥന. ഇസ്രായേൽ ജനത്തിനു യഹോവ നൽകിയ സുരക്ഷിതത്വം, കരുതൽ. ആ വിശ്വാസത്തിലുള്ള മുന്നേറ്റം. ദാരിദ്ര്യം സ്വയം അനുഭവിച്ചറിഞ്ഞവരുണ്ട്. ഒരു നേരം സസ്യാഹാരം മാത്രം കഴിച്ച് നടന്നുനീങ്ങിയ തീർത്ഥാടകർ ധാരാളം.

തീർത്ഥാടന പദയാത്രയിൽ നൽകിയിരുന്ന സന്ദേശങ്ങൾ കടന്നു പോകുന്ന എല്ലാ കവലകളിലും കേൾക്കാൻ ധാരാളം ആളുകൾ ശ്രദ്ധിച്ചിരുന്നതും സംശയങ്ങൾ ചോദിച്ചിരുന്നതും വലിയ സാക്ഷ്യമായിരുന്നു. യേശുക്രിസ്തുവിലൂടെ നൽകപ്പെട്ടതും സഭയിലൂടെ പുലർത്തപ്പെട്ടതുമായ രക്ഷയുടെ, വീണ്ടെടുപ്പിന്റെ സന്ദേശം പരസ്യമായി പ്രഖ്യാപിക്കുക വലിയ ഭാഗ്യം തന്നെയാണ്. ഇക്കാര്യത്തിൽ ധാരാളം അവസരങ്ങൾ എനിക്കു നൽകപ്പെട്ടിട്ടുണ്ട്.

തീർത്ഥാടന യാത്രയിൽ ചിലപ്പോഴെങ്കിലും സംഭവിച്ചിട്ടുള്ള ചെറുതും വലുതുമായ തെറ്റുകൾ കാണിച്ചവർക്കൊക്കെ തക്ക ശിക്ഷകളും താക്കീതുകളും കിട്ടിയിട്ടുള്ളത് അനേകം തീർത്ഥാടകരിൽ വിശ്വാസം ആഴത്തിൽ ജ്വലിക്കുന്നതിന് ഇടയായിട്ടുണ്ട്. മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ തന്നെ വലിയ സാക്ഷ്യമാണ്. ഭൗതീകനേട്ടങ്ങൾ പെട്ടെന്ന് മനുഷ്യനു മനസിലാകും, സ്മരിക്കും. എന്നാൽ അനുദിന ജീവിതത്തിൽ സംലഭ്യമായിട്ടുള്ള ഓരോ നന്മകളും ധ്യാനിക്കുമ്പോൾ അതെല്ലാം വലിയ അത്ഭുതങ്ങളും പിതാവിന്റെ മദ്ധ്യസ്ഥതയിൽ ലഭിച്ച നന്മകളുമായിട്ടാണ് ഞാനെന്നും കാണുക. എന്റെ കുടുംബജീവിതം 1985 ൽ തിരുവനന്തപുരത്ത് ഒന്നിച്ചായതു മുതൽ സന്ധ്യാപ്രാർത്ഥനയിൽ ഞാൻ പിതാവിന്റെ മദ്ധ്യസ്ഥത കുടുംബമായി അപേക്ഷിക്കുന്നുണ്ട്.

പിതാവ് വി. സഭയിൽ, വി. ത്രോണോസിൽ ആദരിക്കപ്പെടുന്ന ആ നല്ല ദിനങ്ങൾ അകലെ ആകാതിരിക്കാൻ നമുക്കു ഒന്നു ചേർന്നു പ്രാർത്ഥിക്കാം. നമ്മുടെ കണ്ണുകൾക്ക് അതു കാണുന്നതിനും, ചെവികൾക്ക് ആ സ്വരം ശ്രവിക്കുന്നതിനുമുള്ള അവസരം ഉണ്ടാകട്ടെ എന്ന് നിരന്തരം പ്രാർത്ഥിക്കുന്നു. യുവജന സഭക്കും, നേതൃത്വത്തിനും പ്രത്യേകിച്ച് ഈ അവസരം ഒരുക്കിത്തന്ന ബഹു. സെബാസ്റ്റ്യനച്ചനും പ്രത്യേകം നന്ദി അർപ്പിക്കുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മദ്ധ്യസ്ഥത വഴി സ്വർഗ്ഗം കൂടുതൽ നന്മകൾ ഏവർക്കും നൽകട്ടെ.





www.malankaralibrary.com



# ABOON MOR THEOPHILOS

**Laiju Koshy Mathew**
President, M.C.Y.M., Archdiocese of Thiruvalla

**"Remember your leaders, who spoke the word of God to you. Consider the outcome of their way of life and imitate their faith."** (Hebrew: 13/7)

It has been 64 years since we have a saint in heaven interceding for us. But unfortunately, many of us couldn't recognize him or even know him. His Excellency Jacob Mar Theophilos is the unknown saint of Malankara.

His Excellency Yakoob Mar Theophilos was born on 1891 February 26 was the eldest son of Mr.Abraham Tharakan & Achamma in Kalapurackal Family, Olassa, near Kottayam. He was baptized on March 16 and was given the name Yakoob (Jacob). Kochuyakoob did his education at MD seminary School and passed matriculation. He was joined in the same school as a teacher after his studies. At this time, he started his bond with his Guru Mar Ivanios. Then Fr. P. T. Geevarghese was the principal of the school. By realising the virtues and holiness of life followed by 'Kochusir', the parishoners of Olassa requested then Malankara Metropolithan Vattaseril Mar Dionysios to elevate him to the position of a Deacon. And he was made so and did his priestly formation studies under the guidance of Fr. P. T. Geevarghese. When Fr P. T. Geevarghese moved to Serampore University, Deacon Jacob was also taken with him for the degree studies. During the life at Serampore, Fr. P. T. Geevarghese started to think deeply about Sanyasam and he left Serampore and moved to Ranni, Perunad. Yakoob Shemmashan, who was always known as His Master's Voice, without any hesitation followed Fr. P. T. Geevarghese to Bethany Hills at Perunad. It is to be noted that he didn't complete his studies. He never focussed for his nourishment but gave importance for the love of God. He was the third member in the Bethany Ashramam after Fr. P. T. Geevarghese and Fr. Alexius. They took vows in 1919.In 1924, Dn Theophilos was ordained as a priest in Bethany Congregation and he was given the title of *Guruvachan*, the Novice Master who is incharge for the formation of new members


www.malankaralibrary.com

of Ashram. In 1927, he was raised to the greatest vow of Sanyasa, the position of Ramban. On 1929 February 14, he was elevated as Bethany Episcopo as per the decision of the Synod of the Methrankakshi. He was given the charges of Bethany Churches and it is to be noted that he was shown a great pastoral care to all who have come to Ashram. His Heavenly voice has attracted many people to Bethany. He lived in Bethany Church at Thiruvalla, which is now Bethany aramana of Niranam Diocese of Orthodox Church. As per the decision of the Synod of Methrankakshi on 1 November 1926, Mar Ivanios was appointed to make queries and delegations for the Catholic Reunion. Mar Theophilos had given him a strong support. In 1930, when Mar Ivanios decided to join the Catholic Church, Mar Theophilos was the only Bishop who stood firmly with him. On 1930 August 20, they have descended from Perunnad Bethany Ashram and on 1930 September 20 Mar Ivanios, Mar Theophilos, Fr. John OIC, Deacon Alexander, Mr. Kilileth Chacko joined the Catholic Church. On 1932 June 11, Mar Theophilos was appointed as the first Bishop of Thiruvalla Diocese and laid the foundation for the diocese. Due to sickness, he couldn't continue the administration of diocese and was leading a prayerful silent life at Cherupushpagiri Aramana from 1935. At his 65, he was called to eternal rest on 1956 June 27. He was entombed in St. John's Cathedral.

From the birth centenary years of Mar Theophilos, from 1991, Malankara Catholic Youth Movement, Diocese of Thiruvalla has started Mar Theophilos Padayathra and Chayachitra Prayanam.

Mar Theophilos is the man of holiness. I would like to refer his name as a synonym of Holiness. His sacrificial life is clearly giving us more evidence on it. It is important to note that he was called as 'A Living Saint' and 'An Angelic Man' during his days itself! Though he could lead Diocese of Thiruvalla for the initial three years, his period marked the foundation for the diocese. He started everything from nothing. The trust and belief in the great providence of the Almighty led him in these years. The remaining 21 years he offered himself through his suffering and sacrificefor the growth and development of the Reunion Movement and Thiruvalla.

It is an undisputed fact that it was the prayerful silent support of Mar Theophilos was the backbone for Archbishop Mar Ivanios. It was like the relation of Joseph to Mary or Aaron to Moses. We know Joseph and Aaron are not much mentioned but without them the whole story of salvification could have been incomplete. Yes! Mar Theophilos was the greatest scaffolding help for Mar Ivanios.

He was a perfect Sanyasi and also a role model for priests. He was the first *Guruvachan* (Novice Master) of the Bethany Ashram. A guru is someone who removes the darkness of ignorance from the hearts of his disciples. Mar Theophilos or *Yakoobachan* was the best choice for it. His life and way of practising *Sanyasam* and prayers were good models for the new brothers entering into Ashram. One who is obedient only can teach the obedience. He was so. Mar Theophilos played an unavoidable role in the formation of Bethany Ashram.

Christ Experience of Mar Theophilos is the key point that makes us call him the Saint. As we can see in the history of every declared saints, the Christ experience is the sum of love for others and suffering for others. When one forgets himself and live others, he is in the path of Christ as Christ did the same. We can clearly see many instances in the life of his Excellency, which clearly state us how much he loved and suffered for the others. Many often he reminds us of St. Alphonsa and St Francis of Assissi. The sacrificial life of St. Alphonsa gave us a big inspiration and in similar way 21 years of suffering and sacrifice of Mor Theophilos also can inspire us.


www.malankaralibrary.com


When once realized the truth, St. Francis of Assisi was abandoned from his home and everyone called him as a lunatic. In the life of Mar Theophilos also we can see the same. He didn't get any support from his family side when he decided to form the Catholic Reunion. But he was firm in his convictions and he stood along with His Grace Mar Ivanios. When he became sick many of the members of the old community has blamed His Excellency because he entered into the Catholic Reunion. But from the personal experiences of those who have treated mar Theophilos in his sickness, we can clearly understand that he was never so but he was in deep connection with the Almighty. His level of spirituality is much more than our expectation. Even doctors testify the same in their briefings about His Excellency. He was in deep love with the love. He just proved himself that he was the friend of God.

The life of Mar Theophilos is a true Christian life. His life was the greatest pastoral message from him for us. He was the man of prayer. He was the man of faith. He was the man who believed firmly inthe great providence and mercy of the Almighty. He led the life of hope. As Christians, this is our call too. During the big challenges of our life, we might feel ourselves alone and hopeless. But Mar Theophilos is leading us the examples that our Altar should be our refugee during such situations. We should not lose hope&faith in the Almighty during our bad times. Trust the Almighty and he will provide his great mercy and care upon us.

The parable of talents tells us about the faithful servants. Mar Theophilos was a faithful servant of God. As already stated, Mar Theophilos ruled Diocese of Thiruvalla from 1932- 1935. But these three years were the most markable days in the history of diocese. Cathedral, Cherupushpagiri Aramana (current Pushpagiri Campus ), IMM Seminary (the very first Seminary in Syro Malankara Catholic Church), Printing Press, Aramanakacheri, churches like Thottabhagam, Vennikulam, Ayroor etc were established during these 3 years. He was blamed as *'Kuzhiyil Methran'* (Bishop in the pit) as the very first house where he stayed was in a pit. But now his followers are called as *'Giriyil Methran'* (Bishop in the Hill). The one who trust in the Almighty will be never forgotten by the God and this is what Mar Theophilos has to tell us. 'Glory to God, Peace to Man' was the motto of his life and he did so in every incident in his life.

Theophilos means lover of God (Theo means God and Philo means love). He wants us also to be the same. We should be able to love God from every situation of life and believe in the perfect trust of the Almighty because he will care and provide us in the time. This is what Mar Theophilos is teaching us from his life.

Holiness is a journey to the perfection of God, the Father. We are in that journey and Mar Theophilos is the one who is very near to that aim. Jacob Mar Theophilos is a saint who was not known to many. Let us intercede to him and let us spread the THEOPHILIAN Lifestyle in our lives. Let us transform the message of Mar Theophilos life to the coming generation. Let us hope that one day Mar Theophilos is also raised for Altar Veneration. 'Mar Theophilos,pray for us'




www.malankaralibrary.com



# ഒരു ഓർമ്മക്കുറിപ്പ്

**ജിനി രഞ്ചൻ**
തുവയൂർ ഈസ്റ്റ്, മാവേലിക്കര

അതി ശക്തമായ മഴയിൽ കുത്തിയൊഴുകിയ വെള്ളം പറമ്പ് വിട്ട് ഒഴുകി ഒഴിഞ്ഞ് ഇരിക്കുന്നു. വാരിതുമ്പിൽ രൂപപ്പെടുന്ന വെള്ളത്തുള്ളികൾ ക്രമേണ വളരുകയും പിന്നീടത് ഭൂമിയുടെ ആകർഷണതാൽ സ്തൂപ രൂപത്തിൽ നിലംപതിക്കുകയും ചെയ്യുന്ന ആ മനോഹരമായ കാഴ്ച കണ്ട് സൂസന്ന നിശ്ചലയായി അങ്ങനെ ഇരിക്കുകയാണ്. പൊടുന്നനെ ഒരു ചില്ല് ഉടയുന്ന ശബ്ദം കേട്ട് അവൾ സ്ഥലകാല ബോധം വീണ്ടെടുത്തു. അകത്തു നിന്നും അമ്മയുടെ പരിദേവനങ്ങൾ കേൾക്കാം. ഒരു സാധനവും എടുക്കുന്നിടത്തു വയ്ക്കില്ല. എല്ലാം നശിപ്പിച്ചേ അടങ്ങൂ വല്ല വീട്ടിലോട്ടും കയറി ചൊല്ലേണ്ട പെണ്ണല്ലേ. അങ്ങനെ തുടങ്ങി എന്തൊക്കെയോ പറയുന്നു. സാവധാനം അവൾ അമ്മയുടെ അടുത്തേക്ക് കയറിച്ചെന്നു. അവിടെ കണ്ട കാഴ്ച അവൾക്ക് തെല്ലും വിഷമമുണ്ടാക്കി. അച്ഛൻ മൈസൂരിൽ നിന്നും വാങ്ങി കൊണ്ടു വന്ന അതിമനോഹരമായ ഗ്ലാസ് നിർമ്മിതമായ ആ ഫ്ളവർ വേയ്സ് ശിൽപം തറയിൽ തകർന്നു കിടക്കുന്നു. രാവിലെ ഷോക്കേസിൽ ഇരുന്നിരുന്നത് താൻ ആണല്ലോ എടുത്ത് പുറത്ത് വച്ചത്. അത് പിന്നെ തിരിച്ചു വയ്ക്കാൻ കഴിഞ്ഞില്ല. ആ മനോഹര ശില്പത്തിന്റെ തകർച്ചയ്ക്ക് താൻ കാരണക്കാരി ആണല്ലോ എന്നതായിരുന്നു സൂസന്നയുടെ സങ്കടത്തിനു കാരണം. അവൾ കരയുവാൻ തുടങ്ങി അത് കണ്ട ആ മാതൃഹൃദയം ആർദ്രമായി. ഏതൊരു അമ്മയും തങ്ങളുടെ മക്കളുടെ കണ്ണുനീരിന്റെ മുന്നിൽ തകർന്നു പോകുമല്ലോ.. കാരണം ഈറ്റുനോവിന്റെ അസഹ്യ വേദനയിൽ അലിഞ്ഞമർന്നതാണല്ലോ മാതൃത്വം. അവൾ ശകാരത്തിന്റെ ശബ്ദം താഴ്ത്തി. മകളുടെ കരച്ചിൽ കൂടുന്നതിനനുസരിച്ച് ആ അമ്മയുടെ ഹൃദയമിടിപ്പ് വർധിച്ചു. അവൾ മകളെ സാന്ത്വനപ്പെടുത്തി കൊണ്ട് പറഞ്ഞു സാരമില്ല, അച്ഛൻ അടുത്ത പ്രാവശ്യം വരുമ്പോൾ നമുക്ക് പുതിയതൊന്ന് വാങ്ങിപ്പിക്കാം. ഇങ്ങനെ ആശ്വസിപ്പിച്ച് അമ്മ അകത്തേക്ക് പോയി. അവൾക്ക് ഒന്ന് ഓർത്തപ്പോൾ ആശ്വാസം തോന്നി.ഈ ശില്പം അച്ഛനോടൊപ്പം പോയപ്പോൾ താനാണ് തിരഞ്ഞെടുത്തത്. ഇതേപോലെ എത്രയെണ്ണം വേണമെങ്കിലും അവിടെ കിട്ടും. എന്നാൽ അങ്ങനെയാണോ ദൈവത്തിന്റെ സൃഷ്ടികൾ ഒന്നിനോടൊന്ന് സദൃശ്യം ചൊല്ലാമെങ്കിലും എന്തെങ്കിലും ഒരു വൈരുദ്ധ്യം ഓരോ സൃഷ്ടിയിലും ഉണ്ടല്ലോ. ഈ പ്രപഞ്ചത്തിലെ സർവ്വ സൃഷ്ടികളുടെയും ഉടയവനായ ദൈവം രൂപഭാവങ്ങളിൽ, സ്വഭാവത്തിൽ, നിറത്തിൽ, ഗുണത്തിൽ, അങ്ങനെ പറഞ്ഞു തീർക്കുവാൻ കഴിയാത്ത വ്യത്യസ്തതയിൽ എന്തെല്ലാം സൃഷ്ടിച്ചിരിക്കുന്നു. ജീവമണ്ഡലത്തിലെ ഓരോ സൃഷ്ടിയും ദൈവത്തിന്റെ മഹത്വം വെളിവാക്കുന്നു.

അതിലെല്ലാം ഉപരിയായി കുടുംബങ്ങളെ സ്ഥാപിച്ച ദൈവത്തിന്റെ പദ്ധതി മറ്റാർക്ക് വിഭാവനം ചെയ്യുവാൻ കഴിയും. അപ്പനും അമ്മയും മക്കളും പരസ്പരം വിധേയപ്പെട്ടു കൊണ്ട് സൃഷ്ടിയിലൂടെ സൃഷ്ടാവിന്റെ മഹത്വം വെളിവാക്കുന്നു. പ്രകൃതിയിലെ വർണ്ണക്കാഴ്ചകളും അതിമനോഹരമായ മലഞ്ചെരിവുകളും മലയിടുക്കുകളും പർവ്വതങ്ങളും പ്രകൃതിവിഭവങ്ങളും അവർണ്ണനീയമാണ്. നാനാതരത്തിലുള്ള ജീവജാലങ്ങളും വിവിധ വർണ്ണം വിടർത്തുന്ന ശലഭങ്ങളും ക്രൗര്യരും വിനയശീലരുമായ ജീവികളും എന്നാൽ


www.malankaralibrary.com

ഇതെല്ലാം ദൈവത്തിന്റെ സൃഷ്ടികളാണ് എന്നതാണ് ഏറ്റവും ആശ്ചര്യം. ഇങ്ങനെ ചിന്തയിൽ മുഴുകിയിരുന്ന സൂസന്നയുടെ മുമ്പിൽ തലേദിവസത്തെ ആ സംഭവം തെളിഞ്ഞുവന്നു. കുഴഞ്ഞുവീണ അമ്മയുടെ അരികിലിരുന്ന് വിലപിക്കുന്ന ആ കൊച്ചു പയ്യന്റെ മുഖത്തെ നിരാലംബഭാവം ഏതൊരു സഹൃദയനെയും നൊമ്പരപെടുത്തും. തന്റെ ഏക ആശ്രയമായ അമ്മ ഒരു നിമിഷം നിശ്ചലയായപ്പോൾ, ആ കുരുന്നു മനസ്സിൽ മുളപൊട്ടിയ വേവലാതികൾ എന്തൊക്കെയായിരിക്കാം. അവന് ആശ്രയിക്കുവാൻ മറ്റാരും ഇല്ല. അവൻ കരയുമ്പോൾ ഹൃദയം നുറുങ്ങുന്ന ആ മാതൃസ്നേഹം പെട്ടെന്ന് നിശബ്ദമായപ്പോൾ മറ്റൊരു ആശ്രയവും അത്താണിയും ഇല്ല എന്ന ബോധം അവനെ ഗ്രസിച്ചു കഴിഞ്ഞിരുന്നു. അവന്റെ ഏറ്റവും വലിയ ആയുധമായ കരച്ചിൽ മാത്രമായിരുന്നു അവനോടുള്ള എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം. ചുറ്റും കൂടിയവർ എന്തെല്ലാം പറഞ്ഞ് അവനെ ആശ്വസിപ്പിക്കാൻ ശ്രമിക്കുമ്പോഴും അവന്റെ വിങ്ങുന്ന മനസ്സിന് ഒട്ടും ആശ്വാസം ലഭിച്ചില്ല. എന്താണ് സംഭവിച്ചതെന്നോ എന്താണ് പരിഹാരമെന്നോ അറിയാത്ത അവനെ ഒന്നു മാറ്റിയാൽ ആ അമ്മയെ ആശുപത്രിയിൽ കൊണ്ടു പോകാം. അവൻ ആ ശരീരത്തിലേക്ക് സർവ്വശക്തിയുമെടുത്ത് കെട്ടിപ്പിടിച്ചുകൊണ്ട് രോധനത്തിന്റെ തീവ്രത കൂട്ടിക്കൊണ്ടിരിക്കുകയാണ്. അല്ലാതെ അവന് ഒന്നിനും കഴിയില്ലല്ലോ.. ആരും അടുത്തു ചെല്ലുവാൻ അനുവദിക്കുന്നുമില്ല. അവനെ അമ്മയിൽ നിന്ന് അടർത്തി മാറ്റാൻ ശ്രമിക്കുമ്പോൾ അവൻ കൂടുതൽ കൂടുതൽ ഉച്ചത്തിൽ കരയുകയാണ്. ഇവിടെ കാഴ്ചക്കാരായി നോക്കി നിൽക്കുന്ന ഒരുപാട് ആളുകൾ, അവരിൽ ചിലർ ഫോട്ടോ എടുക്കാൻ ശ്രമിക്കുന്നു, മറ്റു ചിലർ മാറി നിന്ന് അഭിപ്രായം പറയുന്നു. മുന്നോട്ടു വന്ന ഒരു ചെറുപ്പക്കാരൻ കുട്ടിയെ അടർത്തി മാറ്റി അരികിൽനിന്ന തന്റെ കയ്യിലേക്ക് ഏൽപ്പിച്ചിട്ട് ആ അമ്മയെ തോളിലേറ്റി മുന്നോട്ട് നടക്കുന്നു. ഇതിനിടയിൽ എത്രയോ വാഹനങ്ങൾ കണ്ടിട്ടും കാണാതെ പോയിരിക്കുന്നു. അവസാനം ഒരു ഓട്ടോക്കാരന്റെ കനിവിനാൽ ആശുപത്രിയിലേക്ക്. കൂടെ ആ കുഞ്ഞുമായി ഞാനും. പ്രഥമ പരിശോധനയിൽ തന്നെ സാഹചര്യം മനസ്സിലാക്കിയ ഡോക്ടർ കുറച്ച് പഞ്ചസാര വായിലേക്ക് ഇട്ട് കൊടുത്തു. അപ്പോഴും ആ കുഞ്ഞ് എന്റെ കയ്യിൽ കരഞ്ഞ് തളർന്ന് മോഹാലസ്യപ്പെട്ട് ഇരിപ്പുണ്ടായിരുന്നു. അവർ ആരായിരിക്കാം, എങ്ങനെ ആയിരിക്കാം വീണുപോയത് എന്ന ചിന്ത എന്നെ വല്ലാതെ വ്യാകുലപ്പെടുത്തുന്നുണ്ടായിരുന്നു. രാവിലെ അശ്രദ്ധ മൂലം ഞാൻ ഏറ്റവും ഇഷ്ടപ്പെട്ടിരുന്ന ശിൽപം തകർന്നുപോയി. എന്നാൽ അതിനുപകരം വയ്ക്കുവാൻ ഒന്ന് വാങ്ങിക്കുവാൻ കഴിയും. അങ്ങനെയാണോ ആ സ്ത്രീ നഷ്ടപ്പെട്ടാൽ... പകരം വെക്കാൻ ഭൂമിയിൽ ഇവന് മറ്റാരുണ്ടാകും. ഏച്ചു വെച്ചാൽ മുഴച്ചിരിക്കും എന്ന് പഴമക്കാർ പറയുന്നത് എത്രയോ ശരിയാണ്. അമ്മയുടെ സ്നേഹവും ലാളനയുമാണ് ഏതൊരു കുഞ്ഞിന്റെയും വളർച്ചയുടെ പ്രഥമ ഘട്ടം. ഇവന്റെ കണ്ണിൽനിന്ന് ഒഴുകിയ ആ ചുടു കണ്ണീരിന്റെ, ഹൃദയത്തിൽ മുഴങ്ങിയ പെരുമ്പറയുടെ, കണ്ണുകളിൽ കണ്ട ഭയത്തിന്റെ ആഴം ആർക്ക് വിവരിക്കുവാൻ കഴിയും. ഷുഗർ നില മെച്ചപ്പെട്ട് ബോധം വീണ്ടെടുത്ത ആ അമ്മ ആദ്യം അന്വേഷിച്ചത് തന്റെ കുഞ്ഞിനെ പറ്റിയാണ്. ആ ചെറുപ്പക്കാരൻ തന്റെ അരികിൽ വന്ന് അവർ ഉണർന്നു കുഞ്ഞിനെ അന്വേഷിക്കുന്നു എന്നു പറഞ്ഞപ്പോൾ ആ കുട്ടിയുമായി ഞാൻ അകത്തേക്കോടി. തന്റെ കുഞ്ഞിനെ വാരിപ്പുണരുന്ന ആ മാതൃസ്നേഹം, കൂടി നിന്നിരുന്നവരുടെ എല്ലാം കണ്ണുകളിൽ ഈറനണിയിച്ചു. ആ കുഞ്ഞിന്റെ മുഖത്ത് പറഞ്ഞറിയിക്കുവാൻ കഴിയാത്ത ആനന്ദം കാണാമായിരുന്നു.




www.malankaralibrary.com



# ദൈവസ്നേഹത്തിന്റെ നീർച്ചാൽ

നിത്യ ആർ
മുട്ടച്ചൽ ഇടവക
പാറശ്ശാല ഭദ്രാസനം

കുഞ്ഞുനാളിൽ ഒരു ആഗ്രഹം
ഉള്ളിന്റെയുള്ളിൽ  പൂവണിഞ്ഞു
എന്റെ ഈശോയ്ക്ക് മാത്രം ആയി മാറണം ഞാൻ
എന്റെ ഈശോയുടെതായി തീരണം ഞാൻ
സക്രാരിയിൽ വാഴും ഈശോയ്ക്ക് വേണ്ടിയെൻ
ഹൃദയം എന്നും തുടിച്ചിരുന്നു
തീരാത്ത മോഹമായ് ഈശോ എന്നിലെ
വാത്സല്യ സ്നേഹമായ് ഈശോയെ

പൗരോഹിത്യം ഒരു മോഹമായി
പുരോഹിതൻ എന്നും മാതൃകയായി
കാസയും പീലാസയും ജീവനായി
ജീവിതം ഈശോയ്ക്ക് മാത്രമായി
ബലിവേദിയിൽ എന്റെ ജീവിതം നൽകാനും
ബലിയായി  ഞാനും തീർന്നിടാൻ
ബലിവസ്തുവായോരു ഈശോയ്ക്ക് വേണ്ടി
ഏകുന്നു എന്നെ പൂർണ്ണമായി





www.malankaralibrary.com

## സഭാതലസമിതി

### എം.സി.വൈ.എം. പ്രതിനിധികൾക്കായി വെബ്ബിനാർ

കൊറോണ എന്ന മഹാമാരി മനുഷ്യനെ പലതും പഠിപ്പിച്ചു. വീടുകളിൽ ഒതുങ്ങി കൂടുവാനും പ്രകൃതിയെ തിരിച്ചറിയുവാനും മണ്ണിനെ സ്നേഹിക്കുവാനും പഠിച്ചു. ഈ പഠനങ്ങളുടെ പുതിയ തലങ്ങളെ യുവജനങ്ങൾക്കായി എത്തിക്കുവാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ രൂപതാ പ്രതിനിധികൾക്കായി ഓൺലൈൻ വെബ്ബിനാർ നടത്തി. "The Challenges and opportunities in post covid world for the youth" എന്ന വിഷയത്തെ ആസ്പദമാക്കി മുൻ ഡി.ജി.പി. ഡോ. ജേക്കബ് പുന്നൂസ് IPS ക്ലാസ്സ് എടുത്തു. മോറോൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ പിതാവും അഭിവന്ദ്യ വിൻസന്റ് മാർ പൗലോസ് പിതാവും ഈ വെബ്ബിനാറിൽ പങ്കെടുത്തു. ഓരോ രൂപതയിൽ നിന്നും 6 പേർ അടങ്ങുന്ന സംഘവും കൂടാതെ രൂപതയിലെ സഭാതല സിൻഡിക്കേറ്റ് അംഗങ്ങളും ഈ വെബ്ബിനാറിൽ പങ്കെടുത്തു.



### മണ്ണിലിറങ്ങി പൊന്ന് വിളയിച്ചവർക്കായി

'ഒരു തൈ നടുമ്പോൾ
ഒരു തണൽ നടുന്നു
നടു നിവർക്കാനൊരു
കുളിർ നിഴൽ നടുന്നു
പകലുറക്കിനൊരു മലർവിരി നടുന്നു' എന്ന ഒ.എൻ.വി. മാഷിന്റെ ഈ വരികളെ അനുസ്മരിച്ച് എം. സി. വൈ.എം. സഭാതലം യുവജനപ്രസ്ഥാനം ഈ കൊറോണ കാലത്ത് 'Green Month Drive' നടത്തി വരുകയാണ്. വരു നമുക്ക് മണ്ണിൽ പൊന്ന് വിളയിക്കാം, പച്ചവിരിക്കാം എന്ന മുദ്രാവാക്യവുമായി യുവതലമുറയെ മണ്ണിനെ സ്നേഹിക്കാനും പഠിപ്പിക്കുകയായിരുന്നു. കൊറോണ മനുഷ്യനെ വീടിന്റെ നാല് ചുവരുകളിലേക്ക് ഒതുക്കിയപ്പോൾ മൊബൈൽ, ഫേസ് ബുക്ക്, വാട്ട്സ് ആപ്പ്, ഇൻസ്റ്റഗ്രാം എല്ലാം കണ്ട് മടുത്തവർക്കായി പരിസ്ഥിതി കാത്തിരിക്കുന്നു എന്ന സന്ദേശവുമായി ആയുധപുരയിലെ തൂമ്പയ്ക്കും വാക്കത്തിക്കും അരിവാളിനുമെല്ലാം തുരുമ്പിൽ നിന്ന് മുക്തിനൽകി മണ്ണിലേക്ക് ഇറക്കുക എന്ന ലക്ഷ്യമായിരുന്നു MCYM Green Month Drive എന്ന പരിപാടിയിലൂടെ ലക്ഷ്യം വച്ചത്. ഇതിന്റെ ഭാഗമായി Go Green Campaign, Young Farmer Campaign, Save Energy Campaign തുടങ്ങിയവയും സംഘടിപ്പിക്കുന്നു.





www.malankaralibrary.com

## തിരുവല്ല അതിഭദ്രാസനം

### കരുതൽ



ഓൺലൈൻ പഠനത്തിനാവശ്യമായ ഉപകരണങ്ങളുടെ ലഭ്യത കുറവ് നികത്തുന്നതിനായി അതിരൂപതയുടെ നേതൃത്വത്തിൽ സ്മാർട്ട് ഫോണുകൾ കുട്ടികൾക്ക് നൽകുന്നതിനായി ചെങ്ങരൂർ സെന്റ് തെരേസാസ് ഹയർ സെക്കൻഡറി സ്കൂൾ ഹെഡ്മിസ്ട്രസിന് കൈമാറി.

### വഴിവിളക്ക്




പുണ്യശ്ലോകനായ മാർ തെയോഫിലോസ് പിതാവിന്റെ പുണ്യജീവിതത്തെ കൂടുതൽ വ്യക്തികളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ ജൂൺ 17 മുതൽ 26 വരെ ദിവസവും തിരുവല്ല അതിരൂപതയിലെ ഓരോ മേഖലയുടെയും നേതൃത്വത്തിൽ ജീവിതചര്യ സന്ദേശങ്ങൾ നൽകി.

### THEOPHILIAN 2020

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എല്ലാവരെയും പങ്കെടുപ്പിച്ചു കൊണ്ട് പുനരൈക്യ സഹശില്പിയും തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രഥമ അധ്യക്ഷനായിരുന്ന യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ വിശുദ്ധ ജീവിതം മനസ്സിലാക്കാൻ ഏവർക്കും സാധിക്കുക എന്ന ലക്ഷ്യത്തോടെ അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ THEOPHILIAN 2020 എന്ന പേരിൽ ഓൺലൈൻ ക്വിസ് മത്സരം നടത്തപ്പെട്ടു.




### നല്ല നിലം പരിസ്ഥിതി ദിനാചരണം 2020

MCYM തിരുവല്ല അതിഭദ്രാസനത്തിന്റെയും ആദ്യഘട്ടം ബോധനയുടെയും രണ്ടാംഘട്ടം കെ.സി.വൈ.എം.ന്റെയും ആഭിമുഖ്യത്തിൽ കാർഷിക മേഖലയിൽ കൂടുതൽ യുവജന പങ്കാളിത്തം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ പച്ചക്കറി കൃഷിയിൽ താൽപര്യം ഉള്ള യുവജനങ്ങൾക്ക് കൃഷിയുടെ പ്രാഥമിക പാഠ പരിശീലനവും, കൃഷിക്ക് അനുയോജ്യമായ അത്യുൽപാദന ശേഷിയുള്ള പച്ചക്കറി വിത്തുകളും ഗ്രോബാഗുകളും സൗജന്യമായി നൽകി.




### അനുഗ്രഹീതം

സഭയിലെ പ്രായഭേദമന്യേ എല്ലാവരെയും പങ്കെടുപ്പിച്ച് കൊണ്ട് പുണ്യശ്ലോകനായ യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ ഓർമ്മ തിരുനാളിനോടനുബന്ധിച്ച് പിതാവിന്റെ ജീവചരിത്രം ആസ്പദമാക്കി അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ അനുഗ്രഹീതം എന്ന പേരിൽ ഗാനരചനാ മത്സരം നടത്തപ്പെട്ടു.





www.malankaralibrary.com

## പത്തനംതിട്ട ഭദ്രാസനം

### കരുതൽ

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ 3000 മാസ്കുകൾ ജില്ലാ കളക്ടർ നൂഹ് IAS നു കൈമാറി.



### അമ്മമാർക്കൊരു സ്നേഹസമ്മാനം

ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനത്തിൽ കോന്നി കാർമ്മല പ്രത്യാശ ഭവനിലെ അമ്മമാർക്ക് ആവശ്യ സാധനങ്ങൾ കൈമാറി. തുടർന്ന് അമ്മമാരോടൊപ്പം സമയം ചെലവഴിക്കുകയും ചെയ്തു.



### റൂത്ത് ചാലഞ്ച്

ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന റൂത്ത് ചാലഞ്ചിലേക്ക് 6 ടെലിവിഷനുകൾ ലഭിച്ചിരിക്കുന്നു. എം.സി.വൈ.എം ഊട്ടുപാറ യൂണിറ്റ് 5 ടി.വികളും കാർമ്മല പ്രത്യാശഭവൻ 1 ടി.വിയും ആണ് നിലവിൽ നൽകിയത്. അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവിന്റെയും ബഹു. വൈദികരുടെയും സാന്നിധ്യത്തിൽ ടെലിവിഷനുകൾ ഭദ്രാസന സമിതിക്ക് കൈമാറിയത്.

ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ കാർമ്മല ദൈവാലയത്തിൽ വച്ച് നമ്മുടെ നാടിനുവേണ്ടി വീരമൃത്യു വരിച്ച ധീരജവാൻമാർക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയും രാജ്യത്തിന് അകത്തും പുറത്തും സമാധാനത്തിനു വേണ്ടി മെഴുകുതിരി കത്തിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.



### പരിസ്ഥിതി ദിനം

കോന്നി കാർമ്മല പ്രത്യാശ ഭവനിലെ അമ്മമാർക്കൊപ്പം ഭദ്രാസന ഡയറക്ടർ റവ. ഫാ. എബ്രഹാം മേപ്പുറത്ത് വൃക്ഷത്തൈ നട്ട് പരിസ്ഥിതിവാര ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. പ്രത്യാശ ഭവനിലെ അമ്മമാർ ഇളംതലമുറയ്ക്ക് വൃക്ഷത്തൈകൾ കൈമാറി.




www.malankaralibrary.com

## തിരുവനന്തപുരം മേജർ അതിഭദ്രാസനം

### ഭക്ഷ്യധാന്യ കിറ്റ് വിതരണം

തിരുവനന്തപുരം മേജർ അതി ഭദ്രാസനത്തിലെ കഷ്ടത അനുഭവിക്കുന്ന നിരവധി കുടുംബങ്ങളിൽ വിവിധ ജില്ലകളുടെ സഹായത്തോടെ ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തുവരുന്നു.

### രക്തദാനം

രക്തദാനം മഹാദാനം എന്ന ആശയത്തെ മുൻനിർത്തി 7 പേർക്ക് ജൂൺ മാസത്തിൽ രക്തദാനം ചെയ്തു.

### ഭൂമിക്കൊരു കുട

ലോക പരിസ്ഥിതി ദിനമായ ജൂൺ അഞ്ചിന് ഭൂമിക്കൊരു കുട എന്ന പേരിൽ എല്ലാ യുവജനങ്ങളും അവരവരുടെ സ്വഭവനങ്ങളിൽ വൃക്ഷത്തൈ നടുകയുണ്ടായി. ഭൂമിക്കൊരു കുട പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം വൃക്ഷത്തൈ നട്ടു കൊണ്ട് മേജർ അതി ഭദ്രാസന അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. അരുൺ ഏറത്ത് നിർവഹിച്ചു. ഡയറക്ടർ റവ. ഫാ. വർഗീസ് കിഴക്കേക്കര, ആനിമേറ്റർ സിസ്റ്റർ ജർമ്മയിൻ ജേക്കബ് DM, പ്രസിഡന്റ് ശ്രീ. ജെറിൻ മാത്യു വീട്ടിൽ, ജനറൽ സെക്രട്ടറി ലിജു ബാബു കോട്ടവട്ടം തുടങ്ങിയവർ നേതൃത്വം നൽകി. ഏകദേശം 1000 വൃക്ഷത്തൈകൾ നട്ടു.

### ഗ്രീൻ ഡ്രൈവ്

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സഭാതല സമിതിയോട് ചേർന്ന് ഒരു മാസം നീണ്ടു നിൽക്കുന്ന പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. യൂണിറ്റ് തലങ്ങളിൽ ജൈവകൃഷി പ്രോത്സാഹിപ്പിച്ചു. തരിശുനിലങ്ങൾ എം.സി.വൈ.എം. അംഗങ്ങൾ ഏറ്റെടുത്ത് കൃഷി ആരംഭിക്കുകയും ചെയ്തു. ഗ്രീൻ ഡ്രൈവിനോട് ചേർന്ന് പരിസ്ഥിതി സംരക്ഷണസന്ദേശം പകരുന്ന കഥ, കവിത, പോസ്റ്റർ, ട്രോൾ മത്സരങ്ങൾ നടത്തുകയുണ്ടായി.

## മൂവാറ്റുപുഴ ഭദ്രാസനം

ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിനോടനുബന്ധിച്ച് എം.സി.വൈ.എം. മൂവാറ്റുപുഴ ഭദ്രാസനം യൂണിറ്റുകളിൽ ഒരു ജൈവകൃഷി തോട്ടം എന്ന ആശയത്തോടെ യൂണിറ്റുകളിലേക്ക് വിത്തുകൾ നല്കി. ജൂൺ 6 ശനിയാഴ്ച രാവിലെ 10.30 നു ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയാഡോഷ്യസ് പിതാവ് മൂവാറ്റുപുഴ മേഖല പ്രസിഡന്റ് ശ്രീ. ആൽബിനു വിത്തുകൾ നൽകി കൊണ്ട് തളിർ 2020 ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

മുവാറ്റുപുഴ ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ പീച്ചി മേഖലയുടെ ആതിഥേയത്വത്തിൽ വിലങ്ങന്നൂർ സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിൽ വെച്ച് 18 വ്യാഴാഴ്ച്ച വൈകുന്നേരം 5.30 ന് ലഡാക്കിൽ ചൈനീസ് ആക്രമണത്തിൽ വീരമൃതു വരിച്ച ഇന്ത്യയുടെ സൈനികരുടെ ജീവത്യാഗത്തിനു മുമ്പിൽ തിരികൾ കത്തിച്ചു അനുശോചനം രേഖപ്പെടുത്തി.

### എം.സി.വൈ.എം. മൂവാറ്റുപുഴ രൂപതയുടെ ഔദ്യോഗിക വെബ്സൈറ്റ്

mcym.muvattupuzhadiocese.in മെയ് 30 ശനിയാഴ്ച രാവിലെ 11 ന് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തെയാഡോഷ്യസ് പിതാവ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. കോവിഡ് കാലത്തെ യുവജനങ്ങളുടെ പ്രവർത്തനത്തെ പിതാവ് അനുമോദിക്കുകയും ഭദ്രസാനത്തിലെ എല്ലാ യുവജനങ്ങളെയും വ്യക്തിപരമായി അറിയുന്നതിന് വെബ്സൈറ്റിൽ ഉൾകൊള്ളിച്ചിരിക്കുന്നു. കൂടാതെ zoom ആപ്ലിക്കേഷൻ കോളിലൂടെ രൂപതയിലെ എല്ലാ യൂണിറ്റുകളിലെയും യുവജനങ്ങളുടെ സജീവ സാന്നിധ്യം ഉണ്ടായിരുന്നു.





www.malankaralibrary.com